بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

ലക്കം 05

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ഫെബ്രുവരി 03/ഹി.ശം. 1400 തബ്ലീഗ് 03/1443 റജബ് 01


## അല്ലാഹുവിന്റെ വചനം

وَمَنۡ اَظۡلَمُ مِمَّنِ افۡتَرٰی عَلَی اللّٰہِ کَذِبًا اَوۡ کَذَّبَ بِاٰیٰتِہٖ ؕ اِنَّہٗ لَا یُفۡلِحُ الظّٰلِمُوۡنَ ○

(سورۃ الانعام:22)

'അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമയ്ക്കുകയോ തീർച്ചയായും അക്രമികൾ വിജയം പ്രാപിക്കുകയില്ല..'(6:22)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

# അഹ്മദിയ്യ ജമാഅത്തിന്റെ കേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ വിജയകരവും അനുഗൃഹീതവുമായി നടന്ന 126–ാമത് ജൽസസാലാന

കോവിഡിന്റെ സമ്മർദത്തിലുള്ള മനസ്സുകളുടെ കേട് അകറ്റുകയും അല്ലാഹുവിന്റെ ഈ മുന്നറിയിപ്പിൽനിന്ന് മനുഷ്യൻ പാഠമുൾക്കൊള്ളുകയും ചെയ്യാതെ ഇതേ നടപ്പുതന്നെ തുടരുകയാണെങ്കിൽ വലിയ ഭയാനകമായ ഫലങ്ങളായിരിക്കുമുണ്ടാകുക.

ഇന്നു ഞാൻ ഇസ്ലാം വിഭാവനം ചെയ്യുന്ന സമാധാനാധ്യാപനത്തിന്റെ കുറച്ചുവശങ്ങൾ വിവരിക്കുന്നതായിരിക്കും. അതനുസരിച്ച് കർമങ്ങൾ ചെയ്താൽ ലോകം സമാധാനത്തിന്റേയും ശാന്തിയുടേയും കളിത്തൊട്ടിലായിത്തീരുന്നതാണ്.

- ഇസ്ലാം പറയുന്നു: ഒരു കൂട്ടരും മറ്റൊരു കൂട്ടരുടെ മതസ്ഥാപകനെ ആക്ഷേപിക്കരുത്.
- മറ്റുള്ള മതങ്ങളെല്ലാം കളവാണെന്ന് ഇസ്ലാം പറയുന്നില്ല. എല്ലാ ജനതയിലും നബി വന്നിട്ടുണ്ടെന്ന് ഇസ്ലാം പറയുന്നു. വിശുദ്ധ ഖുർആനിലെ വചനമായ **വ ഇൻമ്മിൻ ഉമ്മത്തിൻ ഇല്ലാ ഖലാ ഫീഹാ നദീർ** ന്റെ വെളിച്ചത്തിൽ ഒരു മുസ്ലിം ഹദ്റത്ത് ഈസായെ അല്ലെങ്കിൽ ഹിന്ദുക്കളുടെ അവതാരങ്ങളെ ആദരദൃഷ്ടിയോടെ നോക്കേണ്ടതാണ്.
- എല്ലാ മതാനുയായികളേയും എല്ലാ മതസ്ഥാപകരേയും ആദരിക്കാൻ ഇസ്ലാം പറയുന്നു.
- ഇസ്ലാമിനെ കുറിച്ച് അത് ഭീകരവാദമതമാണെന്നുള്ള തെറ്റായൊരു സങ്കല്പം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. പ്രാരംഭകാലത്ത് ബലാൽക്കാരമായി മുസ്ലിമാക്കപ്പെട്ടു. വാസ്തവത്തിൽ ഇസ്ലാം അത് നിഷേധിക്കുന്നു.
- ഈ ലോകത്ത് വിശ്വസിക്കാത്ത കാരണത്താൽ ആർക്കും ഇസ്ലാം ശിക്ഷ വിധിച്ചിട്ടില്ല. ഇന്നും മുസ്ലിമീങ്ങളുടെ പ്രവൃത്തി ഈ അധ്യാപനമനുസരിച്ചാകുകയാണെങ്കിൽ ലോകർ ഇസ്ലാമിലേക്ക് ശ്രദ്ധിക്കുന്നതാണ്.
- ജനങ്ങളുടെ പരിഷ്കരണമായിരിക്കണം മുമ്പിലുണ്ടാവേണ്ടത്. ശിക്ഷ കൊടുക്കുന്നതുകൊണ്ട് നന്നാകുമോ എന്ന് നോക്കേണ്ടതാണ്; അല്ലെങ്കിൽ മാപ്പുകൊടുക്കുന്നതുകൊണ്ട്! എന്തായാലും ഉദ്ദേശ്യം നന്നാക്കലായിരിക്കണം.
- എല്ലാതരത്തിലുള്ള കൊടുക്കൽ വാങ്ങലിലും ഇതരന്റെ അവകാശങ്ങൾ ശ്രദ്ധിക്കണമെന്ന് ഇസ്ലാം പറയുന്നു. അഹങ്കരിക്കരുതെന്നും ജനങ്ങളെ നിന്ദിതരും അപകൃഷ്ടരുമായി കാണരുതെന്നും ഇസ്ലാം പറയുന്നു. അഹങ്കരിച്ചുകൊണ്ട് യഥാർഥമായ ഒരു സ്ഥാനവും ലഭിക്കുകയില്ല. വിനയംതന്നെയാണ് യഥാർഥമായ നായകത്വം തരുന്നത്. ഇതേ നായകത്വമാണ് അനശ്വരമായ സമാധാനം സ്ഥാപിക്കുന്നതായി തീരുന്നത്.

പങ്കെടുക്കുന്നവർ ജൽസയുടെ ബർക്കത്തുകളും ഒപ്പം കൊണ്ടുപോകുന്നവരായിത്തീരണം. ലോകത്ത് എവിടെയൊക്കെ ഈ ജൽസാ പരിപാടി കേൾക്കുന്നവരുണ്ടോ അവർ ഒരു ആവേശവും വികാരവും തങ്ങളുടെ ഉള്ളിൽ ഉണ്ടാക്കുന്നവരാകണം. തങ്ങളുടെ പ്രദേശത്ത് ഇസ്ലാമിന്റെ പരിശുദ്ധമായ അധ്യാപനത്തിന്റെ വെളിച്ചത്തിൽ ഒരു വിപ്ലവമുണ്ടാക്കുന്നവരായിത്തീരുക.

**മുസ്ലിം ടെലിവിഷൻ അഹ്മദിയ്യ ഇന്റർനാഷണൽ മുഖേന സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുൽതആലാ ബിനസ്രിഹിൽഅസീസ് ജൽസയിൽ പങ്കെടുത്തവരോടുചെയ്ത സമാപന പ്രഭാഷണം.**

❖കോവിഡു കാരണത്താൽ ഹുദൂറിന്റെ നിർദേശവും സർക്കാറിന്റെ നിയമങ്ങളുമനുസരിച്ച് പരിമിതമായ നിലയിൽ ജൽസ സംഘടിപ്പിച്ചു. ❖പക്ഷേ, തൽസമയ സ്ട്രീമിംഗ് മുഖേന വിശാലമായ നിലയിൽ ഫലങ്ങൾകൊയ്തു. തൽസമയ സ്ട്രീമിംഗ് മുഖേന ഒരു ലക്ഷത്തി ആറായിരത്തി നാല്പത്തിയാറാളുകൾ ജൽസാ പരിപാടി കാണുകയും കേൾക്കുകയും ചെയ്തു. ❖എട്ടു രാജ്യങ്ങളുടെ പ്രാതിനിധ്യം. ❖തഹജ്ജുദ് നമസ്കാരം. ❖ഖുർആനിക ദറസുകൾകൊണ്ടും ദൈവസ്മരണകൊണ്ടും നിറഞ്ഞ അന്തരീക്ഷം. ❖ആദരണീയരായ പണ്ഡിതന്മാരുടെ കടഞ്ഞെടുത്ത പ്രസംഗങ്ങൾ ❖ദേശീയഭാഷകളിൽ പരിപാടികളുടെ തൽസമയ തർജമ. ❖ജമാഅത്തംഗങ്ങളുടെ അറിവുകളിൽ വർധനയുണ്ടാക്കുന്നതിന് തർബിയ്യത്തുപരമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡോക്യുമെന്ററികൾ. വിവിധ പ്രദർശനങ്ങൾ. ❖നിക്കാഹുകളുടെ വിളംബരം. ❖പ്രിന്റ് & ഇലക്ട്രോണിക് മാധ്യമങ്ങളിൽ ജൽസയുടെ കവറേജ്. ❖സമാധാനപരവും സന്തോഷഭരിതവുമായ അന്തരീക്ഷത്തിൽ പരിപാടികളുടെ പൂർണത.

റിപ്പോർട്ട്: ***മൻസ്വൂർ അഹ്മദ് മസ്റൂർ*** *(മുൻതളിം റിപ്പോർട്ടിംഗ്)*

### (രണ്ടാം ഭാഗം)
### സമാപന സമ്മേളനവും ഹുദൂറിന്റെ പ്രഭാഷണവും

ഇന്ന് ജൽസയുടെ സമാപന ദിവസമായിരുന്നു. സമാപന സമ്മേളനവുമായിരുന്നു. ഈ സമാപന സമ്മേളനത്തിൽ സയ്യിദുനാ അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് പ്രസംഗിച്ചു. ജൽസാഗാഹിൽ ശ്രോതാക്കൾ നിശബ്ദരായി ഹുദൂറിനെ കാത്തിരിക്കുകയായിരുന്നു. ഹുദൂറിന്റെ പ്രസംഗത്തിനുമുമ്പേ ലണ്ടൻ എം.ടി.എ സ്റ്റുഡിയോയിൽനിന്ന് ഖാദിയാൻ ദാറുൽഅമാനിനേയും ജൽസാസാലാന ഖാദിയാനേയും സംബന്ധിച്ചുള്ള മനോഹരമായൊരു ഡോക്യുമെന്ററി കാണിക്കപ്പെട്ടു. ഈ ജൽസ അമീറുൽമുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്വ്രിഹിൽ അസീസിന്റെ അനുഗൃഹീതമായ അധ്യക്ഷതയിൽ ഇസ്ലാമാബാദ്(ലണ്ടൻ) അയ്വാനെ മസ്റൂറിൽനിന്ന് mta യുടെ ഇലക്ട്രോണിക് സംവിധാനം മുഖേന ജൽസയുടെ കാര്യപരിപടികൾ

ശേഷം പേജ് 11 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

## നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച

**മദീനയിലേക്ക് യാത്ര പുറപ്പെട്ട് പോകുമ്പോൾ അവിടന്ന് മക്കയുടെ നേരെ അവസാനമായി ദൃഷ്ടിപതിപ്പിച്ചുകൊണ്ടു ദുഃഖഭരിതമായ വാക്കുളിൽ പറഞ്ഞു: ‘അല്ലയോ പ്രിയപ്പെട്ട മക്ക!നീ എനിക്ക് എല്ലാ നാടുകളെക്കാളും പ്രിയങ്കരിയാണ്. എന്നാൽ, നിന്നിലെ ജനങ്ങൾ എന്നെ ഇവിടെ ജീവിക്കാൻ വിടുന്നില്ല. ആ നേരത്ത് ഹദ്റത്ത് അബൂബക്ർ പറഞ്ഞു: ‘അവർ തങ്ങളുടെ നബിയെ പുറത്താക്കി. ഇനി അവർ തീർച്ചയായും നശിച്ചൊടുങ്ങും**

**മലിക് ഫാറൂഖ് അഹ്മദ് ഘോഘർ സാഹിബ്, റഹ്മത്തുല്ലാഹ് സാഹിബ് ഇന്തൊനേഷ്യാ, അൽഹാജ് അബ്ദുൽ ഹമീദ് ടാക് സാഹിബ് യാഡിപൂരാ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും**

**ഖുത്ബ ജുമുഅ 2021 ഡിസംബർ 31/1400 ഫതഹ് 31,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞ ഖുത്ബയിയിൽ ഹദ്റത്ത് അബൂബക്റിന്റെ ഥൗർ ഗുഹയിൽ നടന്ന സംഭവത്തെ കുറിച്ച് പറയുകയായിരുന്നു. ഥൗർ ഗുഹയിൽ ശത്രു എത്തിയ ഈ സംഭവം ഉദ്ധരിച്ചുകൊണ്ട് വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞിട്ടുള്ള ആയത്തിന്റെ തർജമ ഇപ്രകാരമാണ്: നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ (അറിയുക)തീർച്ചയായും അവിശ്വസിച്ചവർ അദ്ദേഹത്തെ സ്വദേശത്തുനിന്ന് ബഹിഷ്കരിച്ചപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്; അദ്ദേഹം രണ്ടിൽ ഒരാളായിരുന്നപ്പോൾ!അവർ രണ്ടുപേരും ആ ഗുഹയിലായിരുന്നപ്പോൾ “നീ ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മോടൊപ്പമുണ്ട്” എന്ന് അദ്ദേഹം തന്റെ കൂട്ടുകാരനോടു പറയുകയായിരുന്നപ്പോൾ! ആ സന്ദർഭത്തിൽ അല്ലാഹു തന്റെ പക്കൽനിന്നുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടുത്തു. നിങ്ങൾ കണ്ടിട്ടില്ലാത്ത ചില സൈന്യങ്ങളെക്കൊണ്ട് അവൻ അദ്ദേഹത്തെ ശക്തിപ്പെടുത്തുകയും അവിശ്വസിച്ചവരുടെ വചനത്തെ ഏറ്റവും താഴ്ന്നതാക്കുകയും ചെയ്തു. അല്ലാഹുവിന്റെ വചനംതന്നെയാണ് ഏറ്റവും ഉയർന്നു നില്ക്കുന്നത്. അല്ലാഹു പ്രതാപവനും അഗാധജ്ഞനുമാകുന്നു.(9:40)

വിശുദ്ധ ഖുർആനിൽ ഥൗർ ഗുഹയിലെ സംഭവം ഉദ്ധരിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു: മക്കയിലെ അവിശ്വാസികൾ ഗുഹാമുഖത്തുനിന്നുകൊണ്ട് സംസാരിക്കുകയായിരുന്നു. ഹദ്റത്ത് അബൂബക്ർ അതുകേട്ട് പരിഭ്രമിച്ചു; നബി(സ)തിരുമേനി ഇവിടെവച്ച് പിടിക്കപ്പെട്ടാൽ എന്തായിരിക്കും ഫലം? ഇസ്‌ലാം മുഴുവനും ആ അനുഗൃഹീതമായ സത്തയിൽനിന്നാണ് ഉണ്ടായിട്ടുള്ളത്. അബൂബക്റിന്റെ ഈ പരിഭ്രമം നബി(സ)തിരുമേനി കണ്ടപ്പോൾ അവിടന്ന് പറഞ്ഞു: **ലാ തഹ്സൻ ഇന്നല്ലാഹു മഅനാ** നീ ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മോടൊപ്പമുണ്ട്.”*(ശറഹ് അസ്സുർഖാനീ അലൽ മവാഹിബുല്ലദുന്നീ, ഭാഗം 2, പേജ് 122-123, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996)*

നബി(സ) തിരുമേനിയെ പിന്തുടർന്ന് അവർ ഥൗർഗുഹയുടെ മലയിലെത്തിയപ്പോൾ കാല്പാടുകൾ നോക്കി ആളെ അന്വേഷിച്ച് കണ്ടുപിടിക്കുന്ന ആൾ പറഞ്ഞു: ‘ഇതിനുശേഷം അവരിരുവരും എങ്ങോട്ടാണ് ചുവടുവെച്ചതെന്ന് എനിക്കു മനസ്സിലാകുന്നില്ല. അവർ ഗുഹയുടെ അടുത്തെത്തിയപ്പോൾ അയാൾ പറഞ്ഞു: ‘അല്ലാഹുവാണ!ആരെ അന്വേഷിച്ചാണോ നിങ്ങൾ വന്നിട്ടുള്ളത് അയാൾ ഇവിടെനിന്ന് മുന്നോട്ടു പോയിട്ടില്ല.’ *(താരീഖുൽഖുമയ്സ്, വാല്യം 2, പേജ് 15, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2009)*

വഴികാണിച്ചുകൊടുക്കാൻ പോയയാൾ ഇക്കാര്യങ്ങളെല്ലാം ഗുഹാമുഖത്തുനിന്നുകൊണ്ടാണ് പറഞ്ഞത്. ഗുഹക്കുള്ളിലേക്ക് എത്തിനോക്കാമെന്നും ആരോ ആഗ്രഹിച്ചിരുന്നു. അപ്പോൾ ഉമയ്യ ബിൻ ഖൽഫ് അതിഷ്ടപ്പെടാത്ത രീതിയിൽ പറഞ്ഞു: ‘ഞാൻ ഈ മരം മുഹമ്മദു ജനിക്കുന്നതിനു മുമ്പേ കാണാൻ തുടങ്ങിയതാണ്. നിങ്ങളുടെ ബുദ്ധി മന്ദീഭവിച്ചിരിക്കുകയാണ്. അവനിവിടെ എങ്ങനെ ഉണ്ടാകാനാണ്? ഇവിടെനിന്ന് പോകുക. മറ്റെവിടെയെങ്കിലും പോയി അന്വേഷിക്കുക.’ ഇതു പറഞ്ഞുകൊണ്ട് എല്ലാവരും അവിടെനിന്ന് മടങ്ങിപ്പോയി. *(അൽമവാഹിബുല്ലദുന്നിയ, ലി അല്ലാമ ഖിസ്ത്വലാനീ, വാല്യം 1, പേജ് 292 -293, പ്രസാധകർ ദാറുൽകുതുബുൽഇസ്‌ലാമീ ബെയ്റുത്ത് 2004)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ)സീറത്ത് ഖാത്തമുന്നബിയ്യീനിൽ മക്കയിലെ ഖുറയ്ശികളുടെ വിളംബരവും നബി(സ)തിരുമേനിയെ പിന്തുർടന്നതും സംബന്ധിച്ച് ഇങ്ങനെ പറയുന്നു: അവർ പൊതുവിളംബരം ചെയ്തു; ആരാണോ മുഹമ്മദിനെ ജീവനോടെയോ അല്ലാതെയോ പിടിച്ചുകൊണ്ടുവരുന്നത് അവർക്ക് നൂറു ഒട്ടകം സമ്മാനമായി നല്കുന്നതായിരിക്കും! സമ്മാനം മോഹിച്ച് ധാരാളമാളുകൾ മക്കയിലെ നാലു ഭാഗത്തേക്കും പുറപ്പെട്ടു. ഖുറയ്ശീ നേതാക്കന്മാരും കാല്പാടുകൾ നോക്കി വഴികാണിക്കുന്ന ആളേയും കൂട്ടി നബി(സ) തിരുമേനിയെ പിന്തുടർന്നു. അങ്ങനെ കൃത്യം ഥൗർഗുഹയുടെ മുഖത്തെത്തി. അവിടെ എത്തിയപ്പോൾ വഴികാണിക്കുന്നയാൾ പറഞ്ഞു: കാൽപാടുകൾ ഇവിടെനിന്ന് മുമ്പോട്ടു പോയിട്ടില്ല. അതുകൊണ്ട് മുഹമ്മദ് ഇവിടെ എവിടെയോ ഒളിച്ചിരിപ്പുണ്ട്. അല്ലെങ്കിൽ ആകാശത്തേക്ക് പോയി. ആരെങ്കിലും ഈ ഗുഹയുടെ ഉള്ളിൽപ്പോയി നോക്കിവരാനും ആരോ പറഞ്ഞു. എന്നാൽ, മറ്റൊരാൾ പറഞ്ഞു: ബുദ്ധിപരമായ വല്ല കാര്യവുമാണോ പറയുന്നത്? ഏതെങ്കിലും വ്യക്തിക്ക് ഈ ഗുഹയുടെ ഉള്ളിൽ കയറി ഒളിച്ചിരിക്കാൻ പറ്റുമോ? ഇത് അങ്ങേയറ്റം അപകടകരമായ സ്ഥലമാണ്. ഞങ്ങൾ എപ്പോഴും ഈ ഗുഹ ഇങ്ങനെതന്നെയാണ് എപ്പോഴും കണ്ടു വന്നിട്ടുള്ളത്. നിവേദനത്തിൽ ഇങ്ങനെയും വന്നിട്ടുണ്ട്. നബി(സ) തിരുമേനി ഗുഹയ്ക്കുള്ളിൽ പോയതിനുശേഷം ഗുഹാമുഖത്തുണ്ടായിരുന്ന മരത്തിൽ എട്ടുകാല് വലകെട്ടിയിരുന്നു. കൃത്യം ഗുഹാമുഖത്തുള്ള മരത്തിന്റെ ചില്ലയിൽ ഒരു പ്രാവ് കൂടുകെട്ടി അതിൽ മുട്ടയും ഇട്ടിരുന്നു.’ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നു: ‘ഈ നിവേദനം ബലഹീനമാണ്. ഇനി അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ അതൊരു വിസ്മയിക്കേണ്ട കാര്യമല്ല.’ നിവേദനം ബലഹീനമാണ്. പക്ഷേ, അത്ഭുതപ്പെടുത്തുന്ന കാര്യമൊന്നുമല്ല. കാരണം എട്ടുകാലി കുറച്ചു മിനിറ്റുകൾക്കുള്ളിൽ വിശാലമായ നിലയിൽ വല കെട്ടാറുണ്ട്. പ്രാവും എളുപ്പത്തിൽ കൂടു കെട്ടുകയും മുട്ടയിടുകയും ചെയ്യാറുണ്ട്. അതുകൊണ്ട് അല്ലാഹു തന്റെ റസൂലിനെ സംരക്ഷിക്കുന്നതിനുവേണ്ടി അത്തരം കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അത് അസാധാരണമായ കാര്യമൊന്നുമല്ല. എന്നല്ല ആ സമയം നോക്കുമ്പോൾ അങ്ങനെ തികച്ചും സംഭവിക്കാവുന്നതാണ്. എന്തായാലും ഖുറയ്ശികളിൽനിന്ന് ആരും മുന്നോട്ടുപോയി നോക്കാൻ തയ്യാറായില്ല. അവിടെനിന്ന് എല്ലാവരും മടങ്ങിപ്പോകുകയാണുണ്ടായത്.’

തുടർന്നെഴുതുന്നു: ഖുറയ്ശ് എത്രമാത്രം അടുത്തെത്തിയെന്നാൽ അവരുടെ കാലുകൾ ഗുഹക്കുള്ളിൽ ഇരുന്നവർക്ക് കാണാൻ കഴി

ഞ്ഞിരുന്നുവെന്ന് നിവേദനത്തിൽ വരുന്നു. അവർ അല്പം മുന്നോട്ടു വന്നു നോക്കിയിരുന്നെങ്കിൽ തങ്ങളെ കാണുമായിരുന്നുവെന്ന് അവർ പറഞ്ഞിട്ടുണ്ട്. നബി(സ)തിരുമേനി പറഞ്ഞു: **ലാ തഹ്സൻ ഇന്നല്ലാഹ മഅനാ**. ഒരിക്കലും വിഷമിക്കേണ്ട, അല്ലാഹു നമ്മോടൊപ്പമുണ്ട്. വീണ്ടും പറഞ്ഞു: **വമാളന്നുക്ക യാ അബാബക്റ ബി ഇഥ്നയ്നി അല്ലാഹു ഥാലിഥുഹുമാ** അബൂബക്റേ! അല്ലാഹു കൂടെയുള്ള ഈ രണ്ടുപേരെ കുറിച്ച് താങ്കൾ എന്താണ് വിചാരിക്കുന്നത്? മറ്റൊരു നിവേദനത്തിൽ വരുന്നു. ഖുറയ്ശികൾ ഗുഹയുടെ അടുത്തെത്തിയപ്പോൾ ഹദ്റത്ത് അബൂബക്ർ വല്ലാതെ പരിഭ്രമിച്ചുപോയി. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ പരിഭ്രമം കണ്ടു. ആശങ്കപ്പെടേണ്ട ഒരു കാര്യവുമില്ലെന്ന് പറഞ്ഞ് അദ്ദേഹത്തെ സമാധാനിപ്പിച്ചു. അതുകേട്ട് വളരെ വിഷമത്തോടെ അബൂബക്ർ പറഞ്ഞു: **ഇൻ ഖുത്തിൽത്തു ഫഅന റജുലുൻ വാഹിദുൻ വഇൻ ഖുത്തിൽത്ത അൻത ഹലക്കത്തിൽ ഉമ്മത്തു** അല്ലാഹുവിന്റെ റസൂലേ! ഞാൻ വധിക്കപ്പെടുകയാണെങ്കിൽ ഞാൻ മാത്രമാണ് മരിക്കുക. അല്ലാഹു അങ്ങനെ വരുത്താതിരിക്കട്ടെ ഇനി അങ്ങയ്ക്ക് എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ ഒരു ഉമ്മത്താണ് മരിക്കുക. അപ്പോഴാണ് അല്ലാഹുവിൽനിന്ന് വെളിപാട് പ്രാപിച്ച് അവിടന്ന് പറഞ്ഞത്. **ലാ തഹ്സൻ ഇന്നല്ലാഹ മഅനാ.** ഒരിക്കലും വിഷമിക്കേണ്ട, അല്ലാഹു നമ്മോടൊപ്പമുണ്ട്. നമ്മൾ ഇരുവരും അവന്റെ സംരക്ഷണത്തിലാണുള്ളത്.(9:40) അതായത് താങ്കൾ ഞാൻ കാരണത്താലാണ് വിഷമിക്കുന്നത്. താങ്കൾക്ക് താങ്കളുടെ ജീവനെ കുറിച്ച് ഒരു ചിന്തയുമില്ല. എന്നാൽ, അല്ലാഹു ഈ നേരത്ത് എന്റെ മാത്രം സംരക്ഷകനല്ല, താങ്കളുടേയും സംരക്ഷകനാണ്. അവൻ നമ്മൾ ഇരുവരേയും ശത്രുക്കളുടെ ദ്രോഹത്തിൽനിന്ന് സുരക്ഷിതമായി വെക്കുന്നതാണ്.'*(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 237-239)*

ഇത് സീറത്ത് ഖാത്തമുന്നബിയ്യീനിൽനിന്നുള്ള ഉദ്ധരണിയാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതു വിശദീകരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു: അല്ലാഹുവിൽനിന്ന് നബി(സ) തിരുമേനിക്ക് ഹിജ്റത്ത് ചെയ്യാനുള്ള കല്പന കിട്ടിയപ്പോൾ അവിടന്ന് ഹദ്റത്ത് അബൂബക്ർ(റ)നെ കൂടെക്കൂട്ടി ഥൗർ മലയിലേക്ക് പോയി. അത് മക്കയിൽനിന്ന് ആറേഴുമൈൽ ദൂരത്താണുള്ളത്. ആ മലയുടെ മുകളിൽ ഒരു ഗുഹയിൽ ഒളിച്ചിരുന്നു. രാവിലെ അവിശ്വാസികൾ നബി(സ) തിരുമേനിയെ തന്റെ വീട്ടിൽ കാണാതായപ്പോൾ എല്ലാത്തരത്തിലുള്ള കാവലുകളുമുണ്ടായിട്ടും നബി(സ) തിരുമേനി വിജയത്തോടുകൂടി പുറപ്പെട്ടു പോയി. അപ്പോൾ ക്ഷണത്തിൽ അവർ നബി(സ)തിരുമേനിയെ തിരഞ്ഞ് പുറപ്പെട്ടു. ആളുകളുടെ കാൽപ്പാടുകൾനോക്കി അവർ പോയ വഴിയിലൂടെ നടന്ന് അവരെ കണ്ടെത്തുന്ന വിദഗ്ദ്ധരായ ആളുകൾ മക്കയിലുണ്ടായിരുന്നു. അങ്ങനെയുള്ള ചിലരേയും അവർ തിരയുന്നതിന് കൂടെക്കൂട്ടിയിരുന്നു. അവരാണ് അവിശ്വാസികളെ ഥൗർഗുഹവരെ കൊണ്ടുവന്നത്. അവർ പറഞ്ഞു: മുഹമ്മദു റസൂലുല്ലാഹ് ഉണ്ടെങ്കിൽ ഇവിടെയുണ്ട്. ഇതിനുമുന്നോട്ടു ഇനി എവിടെയും അടയാളം കിട്ടുകയില്ല. ആ നേരത്തെ അവസ്ഥ എന്തായിരുന്നുവെന്നാൽ ശത്രു ഗുഹയുടെ തൊട്ടുമുകളിൽ നില്ക്കുകയായിരുന്നു. ഉള്ളിലേക്ക് എത്തി നോക്കാൻ പറ്റാത്തവിധം ഗുഹയുടെ മുഖം ഇടുങ്ങിയതായിരുന്നില്ല. അതൊരു വിശാലമുഖത്തോടുകൂടിയ ഗുഹയായിരുന്നു. എത്തിനോക്കിയാൽ ആരെങ്കിലും അതിനുള്ളിലിരിപ്പുണ്ടോ എന്ന് പെട്ടെന്ന് അറിയാവുന്നതേയുള്ളു. എന്നാൽ, അത്തരം അവസ്ഥയിലും നബി(സ) തിരുമേനിയിൽ ഒരു ഭയവുമുണ്ടാകുന്നില്ല. പ്രത്യുത അവിടത്തെ ഖുവ്വത്തെ ഖുദ്സിയ്യായുടെ അനുഗ്രഹംകൊണ്ട് ഹദ്റത്ത് അബൂബക്റിന്റെ മനസ്സും ശക്തമായിരുന്നു. അദ്ദേഹം മൂസായുടെ കൂട്ടുകാരെപ്പോലെ നമ്മൾ പിടിക്കപ്പെട്ടു എന്നു പറഞ്ഞില്ല. മറിച്ച് അദ്ദേഹം എന്തെങ്കിലും പറഞ്ഞെങ്കിൽ യാ റസൂലല്ലാഹ്! ശത്രു എത്രമാത്രം അടുത്തെത്തിയിട്ടുണ്ടെന്നാൽ അവർ ഒന്നു കുനിഞ്ഞുനോക്കിയാൽ നമ്മെ കാണുമായിരുന്നു. എന്നാൽ, നബി(സ)തിരുമേനി പറഞ്ഞു: **ഉസ്കുത്ത് യാ അബാബക്റിൻ ഇഥ്നാനില്ലാഹു ഥാലിഥുഹുമാ** അബൂബക്റേ! നിശബ്ദനായിരിക്കുക. ഈ നേരത്ത് നമ്മൾ രണ്ടുപേർ മാത്രമല്ല, മൂന്നാമതായി അല്ലാഹുവുമുണ്ട്. അപ്പോൾപ്പിന്നെ നമ്മളെ എങ്ങനെയാണ് അവർക്ക് കാണാൻ കഴിയുക. അങ്ങനെത്തന്നെ സംഭവിച്ചു. ശത്രുക്കൾ ഗുഹയുടെ തലയിലെത്തിക്കഴിഞ്ഞിട്ടും അവർക്ക് മുന്നോട്ടു വന്നു കുനിഞ്ഞുനോക്കാൻ കഴിഞ്ഞില്ല. അവർ അവിടെനിന്ന് അത്തും പിത്തും പറഞ്ഞ് മടങ്ങിപ്പോയി. ചുരുക്കത്തിൽ ഈ സംഭവത്തിന്റെ ഒരു വശം കൂട്ടുകാർ പരിഭ്രമിച്ചുകൊണ്ട്, മൂസാ! നമ്മൾ പിടിക്കപ്പെട്ടിരിക്കുന്നുവെന്ന് അദ്ദേഹത്തോടു പറഞ്ഞു. അവർ തങ്ങളുടെകൂടെ മൂസായേയും കൂട്ടി. തങ്ങളെല്ലാവരും ഫിർഔനിന്റെ പിടിത്തത്തിൽ അകപ്പെടാൻ പോകുന്നുവെന്ന് അവർ കരുതി. എന്നാൽ, മുഹമ്മദ് റസൂലുല്ലായുടെ തവക്കുൽ(അല്ലാഹുവിലുള്ള ഭരമേല്പിക്കൽ)അദ്ദേഹത്തിന്റെ കൂട്ടുകാരനിലും എങ്ങനെയുള്ള സ്വാധീനമുണ്ടാക്കിയെന്നാൽ അദ്ദേഹത്തിന്റെ നാവിൽനിന്നു നമ്മൾ പിടിക്കപ്പെട്ടു എന്ന വാക്കുകൾ പുറപ്പെട്ടില്ല. പ്രത്യുത അദ്ദേഹം പറഞ്ഞത്, ശത്രുക്കൾ എത്ര അടുത്തെത്തിക്കഴിഞ്ഞിരിക്കുന്നുവെന്നാൽ അവർക്ക് നമ്മെ കാണണമെന്ന് തോന്നിയാൽ കാണാൻ കഴിയുന്നതാണ്! എന്നാൽ, മുഹമ്മദു(സ) ഈ സന്ദേഹവും സഹിച്ചില്ല. പറഞ്ഞു: അങ്ങനെ വിചാരിക്കാൻകൂടി പാടില്ല. നമ്മൾ ഈ നേരത്ത് രണ്ടുപേരല്ല, നമ്മളോടൊപ്പം മറ്റൊരു അസ്തിത്വംകൂടിയുണ്ട്. അതു നമ്മുടെ അല്ലാഹുവാണ്.'*(തഫ്സീറെ കബീർ, വാള്യം 7, പേജ് 146,147)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മറ്റൊരിടത്ത് പറയുന്നു: മക്കക്കാർ നബി(സ) തിരുമേനിയുടെമേൽ അതിക്രൂരമായ ദ്രോഹപ്രവർത്തികൾ ചെയ്യാൻ തുടങ്ങുകയും അവ കാരണത്താൽ പ്രബോധനകാര്യങ്ങളിൽ തടസ്സമുണ്ടാകുകയും ചെയ്തപ്പോൾ അല്ലാഹു നബി(സ)തിരുമേനിയോടു മക്ക വിട്ടു പോകാൻ കല്പിച്ചു. നബിയോടൊപ്പം ഹദ്റത്ത് അബൂബക്റും മക്ക ഉപേക്ഷിച്ചുപോകാൻ തയ്യാറായി. അതിനുമുമ്പേ അദ്ദേഹത്തോടു പല പ്രാവശ്യവും പോകാൻ പറഞ്ഞതാണ്. എന്നാൽ, നബി(സ) തിരുമേനിയെ ഉപേക്ഷിച്ചു പോകാൻ അദ്ദേഹം തയ്യാറായില്ല. പക്ഷേ, നബി(സ) തിരുമേനി പോകാനിറങ്ങിയപ്പോൾ ഹദ്റത്ത് അബൂബക്റിനേയും അവിടന്ന് ഒപ്പം കൂട്ടി. രാത്രിനേരത്ത് അവിടന്ന് യാത്ര പുറപ്പെട്ടപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു,-"ഈയൊരു സ്ഥലം ഞാനും ഹജ്ജിന്റെ വേളയിൽ കണ്ടതാണ്" മലയിൽ ഒരു സാധാരണ ഗുഹയുണ്ട്. അതിന്റെ മുഖത്തിന് രണ്ടുമൂന്നടി വിസ്താരമുണ്ടായിരിക്കും-അതിൽപോയി തങ്ങി. നബി(സ)തിരുമേനി പോയെന്ന് മക്കക്കാർ അറിഞ്ഞപ്പോൾ അവർ പിന്തുടർന്ന് പോയി. അറേബ്യയിൽ കാൽപാടുകൾനോക്കി പിന്തുർന്ന് ആളുകളെ കണ്ടെത്തുന്നതിൽ വലിയ വലിയ വിദഗ്ദ്ധരായ ആളുകളുണ്ടായിരുന്നു. അവരുടെ സഹായത്താൽ മക്കനിഷേധികൾ നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്റും ഒളിച്ചിരുന്നിരുന്ന ഥൗർഗുഹവരെയെത്തി. അല്ലാഹുവിന്റെ ശക്തിപ്രഭാവമെന്ന് പറയട്ടെ ഗുഹാമുഖത്ത് കുറച്ചു ചെടികൾ മുളച്ച് പൊന്തിയിരുന്നു. അതിന്റെ ചില്ലകൾ പരസ്പരം കൂടിച്ചേർന്നിരുന്നു. അവർ ആ ചില്ലകൾനീക്കി ഉള്ളിൽ നോക്കിയിരുന്നെങ്കിൽ നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്റും ഇരിക്കുന്നത് കാണുമായിരുന്നു. വഴികാണിക്കുന്നയാൾ അവിടെ എത്തിയപ്പോൾ പറഞ്ഞു: ഒന്നുകിൽ അയാൾ ആകാശത്തു പോയിട്ടുണ്ടാകും, അല്ലെങ്കിൽ ഇതിനുള്ളിലുണ്ടാകും. ഇതുകഴിഞ്ഞ് മുമ്പോട്ടുപോയിട്ടില്ല. അത് എത്രമാത്രം അപകടകരമായ അവസരമായിരുന്നുവെന്ന് ചിന്തിച്ചുനോക്കുക. ആ നേരത്ത് ഹദ്റത്ത് അബൂബക്ർ പരിഭ്രമിച്ചു. എന്നാൽ, തന്നെ ഓർത്തല്ല, മറിച്ച് നബി(സ)തിരുമേനിയെ ഓർത്തായിരുന്നു. ആ നേരത്ത് നബി(സ)തിരുമേനി പറഞ്ഞു: **ലാ തഹ്സൻ ഇന്നല്ലാഹ മഅനാ.** ഒരിക്കലും വിഷമിക്കേണ്ട, അല്ലാഹു നമ്മോടൊപ്പമുണ്ട്. നബി(സ) തിരുമേനി അല്ലാഹുവിനെ കണ്ടിട്ടില്ലായിരുന്നുവെങ്കിൽ അത്തരം നിർണായക ഘട്ടത്തിൽ പരിഭ്രമിക്കാതിരിക്കുന്നതെങ്ങനെ? ശക്തരിൽ ശക്തവാനായ മനുഷ്യനും ശത്രു നേരെ തലയ്ക്കുമീതെ വന്നുനില്ക്കുമ്പോൾ പരിഭ്രമിച്ചുപോകും. എന്നാൽ, നബി(സ) തിരുമേനിയുടെ വളരെയടുത്ത്, എന്നല്ല് തലയ്ക്കുമീതെ ശത്രു നില്ക്കുകയാണ്. 13 വർഷമായി അവിടത്തെ ജീവനനെടുക്കാൻവേണ്ടി പിന്നാലെ കൂടിയ ശത്രുക്കളാണവരെന്ന് ഓർക്കുക, അവരോടാണ് വഴികാണിച്ചുകൊടുക്കുന്നയാൾ പറയുന്നത്, ആകാശത്തുപോയി, ഇല്ലെങ്കിൽ ഇതിനുള്ളിലിരിപ്പുണ്ടെന്ന്! ഈ സ്ഥലത്തുനിന്ന് മുമ്പോട്ടുപോയിട്ടില്ല. ആ നേരത്താണ് നബി(സ) തിരുമേനി പറയുന്നത് **ലാ തഹ്സൻ ഇന്നല്ലാഹ മഅനാ.** ഒരിക്കലും വിഷമിക്കേണ്ട, അല്ലാഹു നമ്മോടൊപ്പമുണ്ടെന്ന്. താങ്കൾ പരിഭ്രമിക്കേണ്ട ആവശ്യമെന്താണ്? ഇതു അല്ലാഹു നബി(സ)തിരുമേനിക്ക് അനുഭവവേദ്യമായതുകൊണ്ടുതന്നെയാണ്. അക്കാരണത്താലാണ് അവിടന്ന് ഇങ്ങനെ പറഞ്ഞത്. തന്റെ ഉള്ളിൽ അവിടന്ന് അല്ലാഹുവിനെ കണ്ടിരുന്നു. തന്റെ നാശംകൊണ്ട് അല്ലാഹുവിന്റെ 'ഇർഫാൻ' നശിച്ചുപോകുമെന്ന് അവിടന്ന് മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് ആർക്കും തന്നെ നശിപ്പിക്കാൻ സാധിക്കുകയില്ല.' *(ഇർഫാനെ ഇലാഹി ഔർ മുഹബ്ബത്ത് ബില്ലാഹ് കാ ആലി മർത്തബാ, അൻവാറുൽഉലൂം, വാള്യം 11, പേജ് 223-224)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഹദ്റത്ത് ഈസാ(അ) തന്റെ കൂട്ടുകെട്ടിന് ഒരാളെ മാത്രമാണ് സ്വീകരിച്ചത്. അതായത് തോമായെ; നമ്മുടെ നബി(സ) തിരുമേനി

മദീനയിലേക്ക് ഹിജ്റചെയ്യുന്ന നേരത്ത് അബൂബക്റിനെമാത്രം സ്വീകരിച്ചതുപോലെ! കാരണം റോമൻ ഭരണകൂടം ഹദ്റത്ത് ഈസായെ രാജ്യദ്രോഹിയെന്ന് മുദ്രകുത്തി കഴിഞ്ഞിരുന്നു. ഇതേ കുറ്റത്തിന് പിലാത്തോസും ഖയ്സ്വറിന്റെ കല്പനയാൽ വധിക്കപ്പെട്ടിരുന്നു. കാരണം അദ്ദേഹം ഹദ്റത്ത് ഈസായെ പിന്തുണയ്ക്കുന്ന ആളായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയും ഹദ്റത്ത് ഈസായുടെ ശിഷ്യയായിരുന്നു. അതുകൊണ്ട് ഹദ്റത്ത് ഈസാ ആ രാജ്യത്തുനിന്ന് രഹസ്യമായി പുറത്തുപോകേണ്ടത് നിർബന്ധമായിരുന്നു. ഒരു സംഘത്തേയും കൂടെ കൂട്ടാൻ പാടില്ലായിരുന്നു. അതുകൊണ്ട് അദ്ദേഹം ആ യാത്രയിൽ ഹവാരിയായ തോമായെമാത്രം കൂടെകൂട്ടി;നമ്മുടെനബി(സ)തിരുമേനിമദീനയിലേക്ക് ഹിജ്റത്ത് ചെയ്തപ്പോൾ ഹദ്റത്ത് അബൂബക്റിനെ മാത്രം കൂട്ടിയതുപോലെ! നമ്മുടെ നബി(സ) തിരുമേനിയുടെ മറ്റു സ്വഹാബിമാർ വിവിധവഴികളിലൂടെ മദീനയിൽ നബി(സ) തിരുമേനിയുടെ സന്നിധിയിലെത്തിയതുപോലെ, ഈസായുടെ ഹവാരികൾ വിവിധ വഴികളിലൂടെ വിവിധ സമയങ്ങളിൽ ഹദ്റത്ത് ഈസാ(അ)യുടെ സന്നിധിയിൽ എത്തിയിരുന്നു!' *(ളമീമ ബറാഹീനെ അഹ്മദിയ്യ, ഭാഗം 5, റൂഹാനീ ഖസാഇൻ വാള്യം 21, പേജ് 402)*

വീണ്ടും ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ സത്യസന്ധത നബി(സ) തിരുമേനിയെ ശത്രുക്കൾ വളഞ്ഞിരുന്ന, ആ നാശത്തിന്റെ നേരത്താണ് വെളിപ്പെട്ടത്; ചില അവിശ്വാസികളുടെ അഭിപ്രായം നാടുകടത്തുക എന്നതായിരുന്നുവെങ്കിലും. എന്നാൽ, യഥാർഥ ഉദ്ദേശ്യവും ഭൂരിപക്ഷ അഭിപ്രായവും കൊല്ലുക എന്നതുതന്നെയായിരുന്നു. അത്തരം അവസ്ഥയിൽ ഹദ്റത്ത് അബൂബക്ർ(റ) തന്റെ സത്യസന്ധതയുടേയും കൂറിന്റേയും ഏതൊരു മാതൃകയാണ് കാണിച്ചതെന്നാൽ അതു പുനരുത്ഥാനനാൾവരെ നിലനിൽക്കുന്നതായിരിക്കും.

ആ നാശത്തിന്റെ നേരത്ത് നബി(സ) തിരുമേനിയുടെ ഈ തിരഞ്ഞെടുപ്പുതന്നെ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ സത്യസാക്ഷ്യത്തിനും കൂറിനുമുള്ള ഒരു ഉഗ്രൻ തെളിവാണ്. ഇതേ അവസ്ഥ തന്നെയായിരുന്നു നബി(സ) തിരുമേനിയുടെ തിരഞ്ഞെടുപ്പിന്റേതും. ആ നേരത്ത് നബി(സ)തിരുമേനിയുടെ അടുത്ത് 70, 80 സ്വഹാബിമാരുണ്ടായിരുന്നു. അവരിൽ ഹദ്റത്ത് അലി(റ)യുമുണ്ടായിരുന്നു. എന്നാൽ, അവരിൽനിന്നെല്ലാം നബി(സ) തിരുമേനി തന്റെ കൂട്ടുകാരനായി ഹദ്റത്ത് അബൂബക്ർ(റ)നെ തന്നെ തിരഞ്ഞെടുത്തു. അതിലുള്ള രഹസ്യമെന്താണ്? കാര്യമെന്താണെന്നാൽ, നബി അല്ലാഹുവിന്റെ കണ്ണുകൊണ്ടാണ് കാണുന്നത്. അദ്ദേഹത്തിന്റെ ജ്ഞാനം അല്ലാഹുവിൽനിന്നാണ് വരുന്നത്. അതുകൊണ്ടു അല്ലാഹുതന്നെ കശ്ഫുകളും ഇൽഹാമുകളും മുഖേന ഈ പ്രവൃത്തിക്കായി ഏറ്റവും ഉത്തമവും യോജിച്ചതും ഹദ്റത്ത് അബൂബക്ർ തന്നെയാണെന്ന് പറഞ്ഞു. അബൂബക്ർ ആ ബുദ്ധിമുട്ടിന്റെ നേരത്ത് നബിയോടൊപ്പമുണ്ടായി. ഈ സമയം അതിഗുരുതരമായ പരീക്ഷണത്തിന്റേതായിരുന്നു. ഹദ്റത്ത് മസീഹിന്റെമേൽ ഇത്തരത്തിലുള്ള നേരം വന്നപ്പോൾ അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തെവിട്ടോടിക്കളഞ്ഞു. ഒരാൾ ശപിക്കുകയും ചെയ്തു. എന്നാൽ, സ്വഹാബാക്കളിൽനിന്നുള്ള എല്ലാ ഓരോരുത്തരും പൂർണമായ കൂറിന്റെ മാതൃക കാണിച്ചു. ചുരുക്കത്തിൽ ഹദ്റത്ത് അബൂബക്ർ(റ) പൂർണമായും നബി(സ) തിരുമേനിയോടൊപ്പം നിന്നു. ഥൗർഗുഹ എന്ന് പറയുന്ന ഒരു ഗുഹയിൽ നബി(സ) തിരുമേനി പോയി ഒളിച്ചു. അവിശ്വാസികളായ ദ്രോഹികൾ നബി(സ) തിരുമേനിയെ പീഢിപ്പിക്കാൻ പദ്ധതി തയ്യാറാക്കിക്കഴിഞ്ഞിരുന്നു. അവർ അന്വേഷിച്ചുകൊണ്ട് ആ ഗുഹവരെ എത്തി. ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ) പറഞ്ഞു: ഇപ്പോൾ അവർ തികച്ചും തലയ്ക്കുമീതെ എത്തിക്കഴിഞ്ഞിരിക്കുകയാണ്. ആരെങ്കിലും അല്പം പിന്നിലേക്ക് ദൃഷ്ടിപായിച്ചാൽ അയാൾ കാണുന്നതാണ്. നമ്മൾ പിടിക്കപ്പെടുന്നതായിരിക്കും. ആ നേരത്ത് നബി(സ)തിരുമേനി പറഞ്ഞു: **ലാ തഹ്സൻ ഇന്നല്ലാഹ മഅനാ.** ഒരിക്കലും വിഷമിക്കേണ്ട, അല്ലാഹു നമ്മോടൊപ്പമുണ്ട്. ഈ വാക്കിൽ ചിന്തിക്കുക. നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്ർ സിദ്ദീഖിനെ തന്റെ കൂടെ ചേർത്തുനിറുത്തുന്നു. അങ്ങനെ പറഞ്ഞു: ഇന്നല്ലാഹ മഅനാ, മഅനാ എന്നതിൽ അവരിരുവരും പങ്കാളിയാണ്. അതായത് അല്ലാഹു എന്റേയും നിന്റേയും കൂടെയുണ്ട്. അല്ലാഹു ഒരു തട്ടിൽ നബി(സ)തിരുമേനിയേയും മറുതട്ടിൽ ഹദ്റത്ത് അബൂബക്ർ(റ)നേയും വെച്ചു. ആ സമയത്ത് ഇരുവരും പരീക്ഷണത്തിലാണ്. കാരണം ഈ സ്ഥാനത്തുനിന്നാണ് ഒന്നുകിൽ ഇസ്ലാമിന് അടിത്തറ വീഴാൻ പോകുന്നത്. അല്ലെങ്കിൽ അന്ത്യം കുറിക്കാൻ പോകുന്നത്. ശത്രു ഗുഹയുടെ മേലുണ്ട്. വിവിധ തരത്തിലുള്ള അഭിപ്രായ പ്രകടനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഗുഹയിൽ അന്വേഷിക്കുക എന്ന് ചിലർ പറയുന്നു. കാരണം കാലുകളുടെ അടയാളം ഇവിടെ വന്ന് അവസാനിക്കുന്നു. പക്ഷേ, അവരിൽ ചിലർ പറയുന്നു: ഇവിടെ എങ്ങനെയാണ് മനുഷ്യൻ കടക്കുക? എട്ടുകാലി വല കെട്ടിയിരിക്കുന്നു. പ്രാവ് മുട്ടയും ഇട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള സംസാരത്തിന്റെ ശബ്ദങ്ങൾ അകത്ത് എത്തുന്നുണ്ടായിരുന്നു. അവിടന്ന് വളരെ വ്യക്തമായി അതു കേട്ടുകൊണ്ടരിക്കുന്നു. അത്തരം അവസ്ഥയിലാണ് ഉന്മൂലനം ചെയ്യാം എന്ന ആഗ്രഹത്തോടെ ശത്രുക്കൾ എത്തിയിട്ടുള്ളത്. ഭ്രാന്തരെപ്പോലെ പാഞ്ഞെത്തിയിട്ടുള്ളത്. എന്നാൽ, നബി(സ) തിരുമേനിയുടെ ശ്രേഷ്ഠമായ ധീരത നോക്കുക. ശത്രു തലയ്ക്കുമീതെയാണ്. അവിടന്ന് തന്റെ സത്യസന്ധനായ സ്വിദ്ദീഖിനോടു പറയുന്നു: **ലാ തഹ്സൻ ഇന്നല്ലാഹ മഅനാ.** ഒരിക്കലും വിഷമിക്കേണ്ട, അല്ലാഹു നമ്മോടൊപ്പമുണ്ട്. ഈ വാക്കുകൾ അവിടന്ന് നാവുകൊണ്ടാണ് പറഞ്ഞതെന്ന് വളരെ വ്യക്തമായി പ്രകടമാക്കുന്നു. കാരണം ഇത് ശബ്ദം ആഗ്രഹിക്കുന്നു. സൂചനകൊണ്ടു ഫലമുണ്ടാകുകയില്ല. വെളിയിൽ ശത്രുക്കൾ കൂടിയാലോചന നടത്തിക്കൊണ്ടിരിക്കുകയാണ്. ഗുഹയ്ക്കുള്ളിൽ സേവകനും സേവ്യനും സംസാരത്തിൽമുഴുകിക്കൊണ്ടിരിക്കുന്നു. ശത്രു ശബ്ദം കേൾക്കുമെന്ന കാര്യമൊന്നും വകവെക്കുന്നില്ല. അല്ലാഹുവിലുള്ള ഉദാത്തമായ വിശ്വാസത്തിന്റേയും മഅ്രിഫത്തിന്റേയും തെളിവാണിത്. അല്ലാഹുവിന്റെ വാഗ്ദാനത്തിലുള്ള ദൃഢഗാഢമായ വിശ്വാസമാണിത്. നബി(സ)തിരുമേനിയുടെ ധീരതയ്ക്ക് ഈ മാതൃകമതിയായതാണ്.' *(മൽഫൂദാത്ത് വാള്യം1, പേജ് 376-378)*

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) മറ്റൊരിടത്തു പറയുന്നു: 'പ്രതാപവാനായ അല്ലാഹു തന്റെ നിഷ്കളങ്കനായ നബിയെ സുരക്ഷിതനാക്കി വെക്കുന്നതിന് ഈ അത്ഭുതകരമായ കാര്യം കാണിച്ചു. നബി(സ) തിരുമേനിയും അവിടത്തെ ആത്മമിത്രവും ഒളിച്ചിരുന്ന ഗുഹവരെ ശത്രുക്കൾ എത്തിയിട്ടും നബി(സ)തിരുമേനിയെ കാണാൻ ശത്രുക്കൾക്ക് കഴിഞ്ഞില്ല. കാരണം അല്ലാഹു ഒരു ഇണപ്രാവിനെ അയച്ചു. അവർ ഒറ്റരാത്രി കൊണ്ട് ഗുഹാമുഖത്ത് കൂടുകൂട്ടുകയും മുട്ടയിടുകയും ചെയ്തു. ഇപ്രകാരം അല്ലാഹുവിന്റെ കല്പനയാൽ എട്ടുകാലി ആ ഗുഹാമുഖത്ത് വലകെട്ടി. ഇതിൽ ശത്രുക്കൾ വഞ്ചിതരായി പരാജയപ്പെട്ട് മടങ്ങിപ്പോയി. *(സുർമചശ്മയെ ആര്യാ, റൂഹാനീ ഖസാഇൻ വാള്യം 2, പേജ് 66 അടിക്കുറിപ്പ്)*

പിന്നീട് ഒരു നിവേദനത്തിൽ വരുന്നു. രാത്രിയിൽ അബൂബക്റിന്റെ മകൻ അബ്ദുല്ലായും അവരോടൊപ്പം താമസിക്കും.അബ്ദുല്ലാഹ് ബുദ്ധിയും സാമർഥ്യവുമുള്ള ഒരുയുവാവായിരുന്നു. പുലരാൻ കാലത്ത് അദ്ദേഹം അവരുടെ അടുക്കൽനിന്ന് പോരും. പുലർന്നുകഴിഞ്ഞാൽ മക്കയിൽത്തന്നെ ഉണ്ടായിരുന്നു എന്ന ഭാവത്തിൽ ഖുറയ്ശികളോടൊപ്പം ചേരും. അവർ രണ്ടുപേരേയും ചതിയിൽ അകപ്പെടുത്താൻ മക്കക്കാർ പ്ലാൻ ചെയ്യുന്ന തന്ത്രങ്ങളൊക്കെ ശ്രദ്ധിച്ചുകേട്ട് നേരം വെളുക്കുമ്പോൾ നബിയുടെ അടുക്കൽച്ചെന്ന് അവർക്ക് പറഞ്ഞുകൊടുക്കും. ഇതിനോടൊപ്പംതന്നെ അബൂബക്റിന്റെ ദാസൻ ആമിർ ബിൻ ഫുഹയ്റ രാത്രി ഭക്ഷണത്തിന്റെ സമയമാകുമ്പോൾ ഒരുകൂട്ടം ആടുകളെ തെളിച്ചുകൊണ്ട് അവരുടെയടുക്കൽ ചെല്ലും. ആ ആടുകളുടെ പാൽ ചൂടാക്കി അവർക്കു കൊടുക്കും. വെളുപ്പാൻ കാലത്തെ ഇരുട്ടിൽ അവയെയും തെളിച്ചുകൊണ്ടുപോരും. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബൂബക്ർ തന്റെ കാല്പാടുകൾ മായിച്ചുകൊണ്ടാണ് നടന്നിരുന്നത്. *(സ്വഹീഹ് ബുഖാരി, കിതാബു മനാഖിബുൽഅൻസ്വാർ, ഹദീഥ് 3905)(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം, ഭാഗം 1-2, പേജ് 289, പ്രസാധകർ ദാറുൽകിതാബ് അൽഅറബി ബെയ്റുത്ത് 2008)*

ചില ചരിത്രകാരന്മാർ ഇതും വിവരിച്ചിട്ടുണ്ട്: ഹദ്റത്ത് അസ്മാഅ് നിത്യവും ഭക്ഷണവുംകൊണ്ടുവരുമായിരുന്നു. *(അസ്സീറത്തുൽഹൽബിയ്യ, ഭാഗം 2, പേജ് 54, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002)* പക്ഷേ, ഇത് അനുമാനപരമായ കാര്യമാണ്. ചിലരുടെ ഈ അഭിപ്രായം ശരിയാണ്. ഈ ഭയാനകമായ അവസ്ഥയിൽ ഒരു സ്ത്രീ നിത്യവും അങ്ങോട്ടും ഇങ്ങോട്ടും പോയിവരിക എന്നത് രഹസ്യം പരസ്യമാകാൻ കാരണമാകുമായിരുന്നു. അബ്ദുല്ലാഹ് ബിൻ അബൂബക്ർ നിത്യവും പോയി വരുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും. അപ്പോൾപ്പിന്നെ അസ്മാഅ് ഭക്ഷണം കൊണ്ടുപോകേണ്ട ആവശ്യമെന്താണ്? എന്തായാലും അല്ലാഹുവാണ് ഏറ്റവും നന്നായി അറിയുന്നവൻ. പക്ഷേ, മൂന്നുദിവസം ഇങ്ങനെ കഴിഞ്ഞു. മക്കക്കാർ അടുത്തുള്ള സ്ഥലത്തൊക്കെ അന്വേഷിച്ച് പരാജയപ്പെട്ടപ്പോൾ പരസ്പരം കൂടിയാലോചിച്ച് വമ്പിച്ചൊരു ഇനാം പ്രഖ്യാപിച്ചുകൊണ്ട് ചുറ്റുവട്ടത്തുള്ള പ്രദേശങ്ങളിൽ മുരശടിക്കുന്നവരെ

അയച്ച് ഇങ്ങനെ വിളംബരം ചെയ്യിച്ചു: മുഹമ്മദിനെ(സ) ജീവനോടെയോ അല്ലാതെയോ പിടിച്ചുകൊണ്ടുവരുന്നവർക്ക് നൂറു ഒട്ടകം സമ്മാനമായി നല്കുന്നതായിരിക്കും. ഇത്ര വലിയ സമ്മാനത്തിന്റെ അത്യാഗ്രഹത്താൽ പല ആളുകളിലും നബി(സ) തിരുമേനിയെ അന്വേഷിച്ചുകണ്ടെത്തുന്നതിന് വീണ്ടും ഉണർവുണ്ടാക്കി. *(അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നി ഹിശാം, വാള്യം 2, പേജ് 58, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2002)*
മറുഭാഗത്ത് മൂന്നുദിവസം പൂർണമായപ്പോൾ വാഗ്ദാനമനുസരുച്ച് അബ്ദുല്ലാഹ് ബിൻ ഉറയ്ഖിത് ഒട്ടകവുമായി വന്നു. സ്വഹീഹ് ബുഖാരിയിലെ ഒരു നിവേദനത്തിൽ അബ്ദുല്ലാഹ് ബിൻ ഉറയ്ഖിതിൽനിന്ന് മൂന്നു ദിവസത്തിനുശേഷം ഒട്ടകവുമായി എത്തുമെന്ന് വാഗ്ദാനം ചെയ്യിച്ചിരുന്നു. *(അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നി ഹിശാം, ഭാഗം 1-2, പേജ് 344, ഹിജ്റത്തുർറസൂൽ(സ) പ്രസാധകർ ദാറുൽ കകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001) (സ്വഹീഹ് ബുഖാരി, കിതാബു മനാഖിബുൽഅൻസ്വാർ, ബാബു ഹിജ്റത്തുന്നബി(സ), ഹദീഥ് 3905) ഫതഹുൽബാരി ശറഹ് സ്വഹീഹുൽബുഖാരി, വാള്യം 7, പേജ് 238, ദാറുൽമഅ്‌രിഫ ബെയ്റുത്ത്)*
ഈ നിവേദനത്തിൽനിന്ന് മനസ്സിലാകുന്നത് ഥൗർഗുഹയിൽനിന്ന് മദീനയിലേക്കുള്ള യാത്ര രാവിലെ തുടങ്ങിയിരുന്നുവെന്നാണ്. എന്നാൽ, ബുഖാരിയിലെതന്നെ മറ്റൊരു നിവേദനത്തിൽ യാത്ര ആരംഭിച്ചത് രാത്രിയായിരുന്നുവെന്നുള്ള വിശദീകരണമുണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) അബ്ദുല്ലാഹ് ബിൻ ഉറയ്ഖതിനെ സ്മരിച്ചുകൊണ്ടെഴുതിയിരിക്കുന്നു: നബി(സ) തിരുമേനിയും അബൂബക്റും അതിനുമുമ്പേതന്നെ അയാൾക്ക് ഒട്ടകങ്ങളെ ഏല്പിച്ചിരുന്നു. മൂന്നുരാത്രിക്കുശേഷം രാവിലെ ഒട്ടകങ്ങളുമായി ഥൗർ ഗുഹയിലെത്തണമെന്ന് അയാൾക്ക് മനസ്സിലാക്കിക്കൊടുത്തിരുന്നു. അങ്ങനെ പറഞ്ഞതനുസരിച്ച് അയാൾ എത്തി. ഇതു ബുഖാരിയിലെ പ്രസിദ്ധമായ നിവേദനമാണ്. എന്നാൽ, ചരിത്രകാരന്മാർ എഴുതുന്നത്, നബി(സ) രാത്രിയിൽ യാത്ര പുറപ്പെട്ടുവെന്നാണ്. ബുഖാരിയിലെതന്നെ മറ്റൊരു നിവേദനത്തിൽ അതിന്റെ സാക്ഷീകരണം കാണാം. രാത്രിയിൽ യാത്രപുറപ്പെട്ടുവെന്നുതന്നെയാണ് ശക്തമായ നിഗമനവും.'*(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) പേജ് 239-240)*
നബി(സ) തിരുമേനി തിങ്കളാഴ്ച രാത്രി റബീഉൽ അവ്വൽ ഒന്നാം തിയതി ഗുഹയിൽനിന്ന് യാത്ര തുടർന്നു. ഇബ്നു സഅ്ദ് അനുസരിച്ച് അവിടന്ന് റബീഉൽ അവ്വൽ നാലാം തിയതി തിങ്കളാഴ്ച രാത്രിയാണ് ഗുഹയിൽനിന്ന് യാത്ര പുറപ്പെട്ടത്. *(താരീഖുൽ ഖുമയ്സ് വാള്യം 2, പേജ് 18, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2009)*
ആദ്യത്തേത് ഖുമയ്സിലെ നിവേദനമാണ്. സ്വഹീഹ് ബുഖാരിയുടെ വ്യാഖ്യാതാവ് അല്ലാമ ഇബ്നു ഹജർ അസ്ഖിലാനീ എഴുതന്നു: 'ഇമാം ഹാക്കിം പറഞ്ഞു:ഇതുസംബന്ധമായി ഒന്നിനുപിറകെ ഒന്നായി അഭിപ്രായങ്ങളുണ്ട്. നബി(സ) തിരുമേനി മക്കയിൽനിന്ന് പുറപ്പെട്ടത് തിങ്കളാഴ്ച ദിവസമായിരുന്നു. മദീനയിൽ പ്രവേശിച്ചതും തിങ്കളാഴ്ചയായിരുന്നു; മുഹമ്മദ് ബിൻ മൂസാ ഖവാറസ്മി ഒഴികെ. ഇദ്ദേഹം പറഞ്ഞത് നബി(സ) തിരുമേനി മക്കയിൽനിന്ന് പുറപ്പെട്ടത് വ്യാഴാഴ്ചയായിരുന്നുവെന്നാണ്. അല്ലാമ ഇബ്നു ഹജർ ഈ നേവേദനങ്ങൾ തമ്മിൽ സംയോജിപ്പിച്ചുകൊണ്ട് എഴുതുന്നു: നബി(സ) തിരുമേനി മക്കയിൽനിന്ന് പുറപ്പെട്ടത് വ്യാഴാഴ്ചയായിരുന്നു. ഗുഹയിൽ വെള്ളി, ശനി, ഞായർ മൂന്നു ദിവസം തങ്ങിയതിനുശേഷം തിങ്കളാഴ്ച രാത്രി മദീനയിലേക്ക് പുറപ്പെട്ടു.' *(ഫതഹുൽബാരി, ശറഹ് സ്വഹീഹുൽബുഖാരി, അല്ലാമ ഇബ്നു ഹജർ അസ്ഖിലാനി, വാള്യം 7, പേജ് 299, പ്രസാധകർ ഖദീമി കുതുബ് ഖാന മുഖാബിൽ ആരാംബാഗ് കറാച്ചി)*
നബി(സ) തിരുമേനി ഖസ്‌വാ എന്ന ഒട്ടകപ്പുറത്തായിരുന്നു യാത്ര ചെയ്തിരുന്നത്. ഹദ്റത്ത് അബൂബക്ർ(റ) തന്റെ ഒട്ടകത്തിനു മേൽ ആമിർബിൻ ഫുഹയ്റയെ യാത്ര ചെയ്യിച്ചു. ഉറയ്ഖിത് തന്റെ ഒട്ടകപ്പുറത്താണ് യാത്ര ചെയ്തത്. ഹദ്റത്ത് അബൂബക്റിന്റെ കൈയിൽ വീട്ടിൽ മൊത്തം മൂലധനമായുണ്ടായിരുന്നത് അഞ്ചാറായിരം ദിർഹമായിരുന്നു. അതും അദ്ദേഹം കൈയിലെടുത്തിരുന്നു. ചില നിവേദനങ്ങളനുസരിച്ച് ആമിർ ബിൻ ഫുഹയ്റയും ഹദ്റത്ത് അസ്മായും ഭക്ഷണവുമായി വന്നു. അതിൽ ആടിന്റെ പാകം ചെയ്ത മാംസമുണ്ടായിരുന്നു. പക്ഷേ, അവിടെ എത്തിയപ്പോൾ ഭക്ഷണവും വെള്ളവും കെട്ടിവെക്കുന്നതിന് വസ്ത്രങ്ങളൊന്നുമില്ലല്ലോ എന്ന ചിന്തയുണ്ടായി. അപ്പോൾ ഹദ്റത്ത് അസ്മാ തന്റെ നാട എടുത്ത് രണ്ടു ഭാഗമാക്കി. ഒന്നുകൊണ്ടു ഭക്ഷണവും ഒന്നുകൊണ്ട് വെള്ളത്തിന്റെ പാത്രവും കെട്ടി. നബി(സ) തിരുമേനി സ്വർഗത്തിൽ രണ്ടു നാട ലഭിക്കുമെന്ന് ഹദ്റത്ത് അസ്മായ്ക്ക് സുവാർത്ത അറിയിച്ചു. അവരെയെല്ലാവരേയും യാത്രയാക്കി. ഇങ്ങനെ ദുആ ചെയ്തുകൊണ്ട് യാത്ര ആരംഭിച്ചു. **അല്ലാഹുമ്മസ്ഹബ്നീ ഫീ സഫരീ വഖ്‌ലുഫ്നീ ഫീ അഹ്‌ലീ** അല്ലാഹുവേ! എന്റെ യാത്രയിൽ നീ എന്റെ കൂട്ടുകാരനായാലും. എന്റെ കുടുംബത്തിൽ നീ എന്റെ പ്രതിനിധിയായാലും. *(മുഹമ്മദു റസൂലുല്ലാഹ് വല്ലദീന മഅഹു, അബ്ദുൽഹമീദ് ജോദ അസ്സിഹാർ, വാള്യം 3, പേജ് 61, മക്തബ മിസ്ർ) (അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നി ഹിശാം, പേജ് 345, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ 2001)*
മുമ്പേ പറഞ്ഞുകഴിഞ്ഞതുപോലെ നാടകൊണ്ടു ഭക്ഷണപൊതി കെട്ടിയ സംഭവം ഹദ്റത്ത് അബൂബക്റിന്റെ വീട്ടിൽനിന്ന് പുറപ്പെടുമ്പോഴാണ് ഉണ്ടായത്. എന്തായാലും ഇവിടെയും അതിനെക്കുറിച്ച് പറയുന്നുണ്ട്. ചരിത്രങ്ങളിൽ രണ്ടു അവസരങ്ങളിലാണ് ഇതിനെ കുറിച്ച് പറയുന്നതായി അറിയാൻ കഴിയുന്നത്. ചിലർ പറയുന്നത് നബി(സ) തിരുമേനി ഹിജ്റത്തിനുവേണ്ടി മക്കയിലെ അബൂബക്റിന്റെ വീട്ടിൽനിന്ന് പുറപ്പെടുകയായിരുന്നപ്പോൾ. ചിലർ പറയുന്നത് ഥൗർ ഗുഹയിൽനിന്ന് നബി(സ) തിരുമേനി മദീനയിലേക്ക് പുറപ്പെടുന്ന അവസരത്തിൽ. എന്തായാലും ഈ രണ്ടുകാര്യവും ലഭിക്കുന്നുണ്ട്. പക്ഷേ, ബുഖാരിയിൽ ഹദ്റത്ത് ആഇശ(റ) ഹിജ്റത്ത് യാത്രയെ കുറിച്ച് വിശദീകരിച്ച് പറഞ്ഞിട്ടുണ്ട്. ഈ നിവേദനത്തിന്റെ പരമ്പരയിൽനിന്ന് ലഭിക്കുന്നത് ഇത് ഹദ്റത്ത് അബൂബക്റിന്റെ വീട്ടിൽനിന്ന് പുറപ്പെടുന്ന അവസരത്തിലുള്ള സംഭവമാണെന്നാണ്. അതുകൊണ്ട് ബുഖാരിയിലെ നിവേദനത്തിന് മുൻഗണന നല്കുന്നത് കൂടുതൽ ഉചിതമായിരിക്കും. എന്തുകൊണ്ടെന്നാൽ ഒന്നാമതായി ഥൗർഗുഹയിലുള്ള താമസത്തെ എത്രമാത്രം രഹസ്യമാക്കിയാണ് വെച്ചിട്ടുള്ളതെന്ന് നോക്കുക. അവിടെ ഹദ്റത്ത് അസ്മാ ഭക്ഷണവുമായി പോകുക എന്നത് അസംഭാവ്യമാകാനിടയുണ്ട്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബൂബക്റും ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റയും അവരിരുവരും അവിടെ രഹസ്യമായിട്ടാണ് പോയിരുന്നത്. അപ്പോൾ ഒരു സ്ത്രീയുടെ പോക്ക് സുരക്ഷിതത്വത്തിനും സംരക്ഷണത്തിനും എതിരായിട്ടാണ് കാണുന്നത്. എന്തായാലും വീട്ടിലും ഭക്ഷണം പൊതിയുന്ന സംഭവത്തിൽനിന്ന് ഹദ്റത്ത് അസ്മായുടെ വിലയനത്തിന്റേയും ഉൽക്കടമായ സ്നേഹത്തിന്റേയും മിന്നലാട്ടവും വ്യക്തമാണ്. ഭക്ഷണപൊതി കെട്ടുന്നതിന് ചരടുതിരഞ്ഞ് കൂടുതൽ സമയം നഷ്ടപ്പെടുത്താതെ തന്റെ നാട എടുത്ത് ഉപയോഗിച്ചു. ഥൗർഗുഹയിലും ഇങ്ങനെ സംഭവിച്ചിട്ടുണ്ടാകാം എന്ന് പറയാവുന്നതാണ്. കാരണം അവിടെയും ഒരു സാധനവുമുണ്ടായിരുന്നില്ല. എന്നാൽ, വീട്ടിലും ഈ സംഭവം നടക്കാവുന്നതാണ്. പെട്ടെന്ന് ഒരു വസ്തുവും കിട്ടാതെ വരികയും സമയംനഷ്ടപ്പെടുമെന്ന ചിന്തയുണ്ടാകുകയും ചെയ്തപ്പോൾ തന്റെ നാടയെടുത്ത് ഭക്ഷണപ്പൊതി കെട്ടി ഹദ്റത്ത് അബൂബക്റിനേയും നബി(സ)തിരുമേനിയേയും പെട്ടെന്ന് യാത്രയാക്കി. അതുകൊണ്ട് ബുഖാരിയുടെ നിവേദനമനുസരിച്ച് ഇതു കൂടുതൽ ശരിയാണെന്ന് മനസ്സിലാകുന്നു. അതായത് ഭക്ഷണപ്പൊതി

ശേഷം പേജ് 8 ൽ

**• അല്ലാഹുവിന്റെ കലാം •**

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരണേമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ."**

*(വിശുദ്ധ ഖുർആൻ 3:148)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• അല്ലാഹുവിന്റെ കലാം •**

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**

*(വിശുദ്ധ ഖുർആൻ 51:57)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാല്യം 6 ലക്കം 1–2 പേജ് 16–ൽനിന്ന്)

■ വീസ്ബാഡൻ പോലീസിൽ പ്രവർത്തിക്കുന്ന മുക്താരി(Muktari) സാഹിബ് പറയുന്നു: 'യഥാർഥത്തിൽ മുസ്‌ലിമീങ്ങൾ ഇസ്‌ലാം ഒരു സമാധാന കാംക്ഷിയായ മതമാണെന്ന മറ്റൊരു മുഖം കാണിക്കാൻ ആഗ്രഹിക്കുന്നു എന്നതാണ് ഇന്നത്തെ പ്രോഗ്രാം വ്യക്തമാക്കുന്ന കാര്യം. ആഫ്രിക്കയിലും നിങ്ങൾ വിവിധ പ്രൊജക്ടുകൾ നടത്തുന്നുവെന്ന് ഖലീഫ സൂചിപ്പിച്ച കാര്യം എനിക്ക് വളരെയധികം ഇഷ്ടമായി.'

■ മെഹ്മെറ്റ് യിൽമാസ്(Mehmet Yilmaz) സാഹിബ് പറയുന്നു:പരസ്പരം വിശിഷ്യ അയൽ വാസികൾ സ്നേഹാദരവോടെ ഒന്നുചേർന്ന് പ്രവർത്തിക്കണമെന്ന ഖലീഫയുടെ സന്ദേശം വളരെ അനിവാര്യമാണ്. മുമ്പേ തന്നെ ഖലീഫയെ എനിക്കറിയാം. കാരണം, മുമ്പേതന്നെ അദ്ദേഹത്തിന്റെ ഗ്രന്ഥം ഞാൻ വായിച്ചിട്ടുണ്ട്.ഖലീഫ ചെയ്യുന്നതുപോലെ ഇതര മുസ്‌ലിം നേതാക്കളും സമാധാനം വ്യാപിപ്പിക്കണമെന്നതാണ് എന്റെ ആഗ്രഹം.'

■ ഒരു ഇവാഞ്ചലിക്കല് തിയോളജി പ്രൊഫസർ (Evangelical theology professor)പറയുന്നു: 'ഖലീഫയുടെ പ്രഭാഷണം എനിക്ക് വളരെയധികം വിസ്മയം ജനിപ്പിക്കുന്നതായിരുന്നു. ഇത്രയധികം സ്നേഹാനുകമ്പക്ക് പ്രചാരം കൊടുക്കുന്ന ഇത്തരത്തിലുള്ള ഒരു ഇസ്‌ലാമിന്റെ പ്രതിനിധിയാണെന്ന് അറിഞ്ഞതിൽ വളരെ സന്തോഷം തോന്നി. മനുഷ്യകുലത്തോട് സ്നേഹാദരവോടെ പെരുമാറുന്നതും ഒരു ആരാധനയാണെന്ന് അദ്ദേഹം വിശദമാക്കി.'

■ ഗബ്‌റേല സ്റ്റോക്ക്ഹാൾട്ടർ ഐച്ചെ(Gabriela Stochhalter Eiche) സാഹിബ പറയുന്നു:'ഇന്നത്തെ പരിപാടി എനിക്കു വളരെ ഇഷ്ടമായി. ഖലീഫയുടെ പ്രഭാഷണം വളരെയധികം ഹൃദയത്തെ ഉരുക്കുന്നതായിരുന്നു. വിശിഷ്യാ ഇന്നത്തെ സമൂഹത്തിന് അനിവാര്യമായ വശം ഖലീഫ വിശദമാക്കി. അതായത്, സമാധാനം സ്ഥാപിതമാക്കുക, പരസ്പരം സ്നേഹത്തോടെ ജീവിതം നയിക്കുക, അയൽ വാസികളോട് നല്ല രീതിയിൽ പെരുമാറുക. ആഫ്രിക്കയിലെ കിണർ കുഴിക്കുന്നതുപോലെയുള്ള പാവപ്പെട്ടവരെ സഹായിക്കൽ തുടങ്ങിയ കാര്യങ്ങൾ. ഖലീഫ വളരെയധികം സമാധാന കാംക്ഷിയായ, സ്നേഹം തുളുമ്പുന്ന വ്യക്തിയായിട്ടാണ് എനിക്ക് തോന്നിയത്.'

■ ഒരു സ്കൂളിലെ പ്രിൻസിപ്പാളായ തോമസ് ഷവാർസെ(Thomas Schwarze) സാഹിബ് പറയുന്നു: 'ഇന്നത്തെ പരിപാടി വളരെയധികം വിസ്മയം ജനിപ്പിക്കുന്നതായിരുന്നു. ഇവിടെ ഓരോ വ്യക്തിയും വളരെയധികം സ്നേഹത്തോടെ പെരുമാറുന്നു. നമുക്ക് ആതിഥ്യം ഓതുന്നു. ഹിസ് ഹോളിനെസ്സിനെ പോലെയുള്ള പരിശുദ്ധ വ്യക്തിത്വത്തെ ഇന്ന് ദർശിക്കാന് സാധിക്കുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. എന്ത് സംസാരിക്കണമെന്ന് തികച്ചും അറിയുന്ന ഒരു മഹനീയ വ്യക്തിത്വമാണ് ഖലീഫയെന്ന് മനസ്സിലാകുന്നു. അദ്ദേഹത്തിന്റെ സംസാരശൈലിതന്നെ വളരെയധികം വ്യക്തികളെ ആകർഷിക്കാൻ പോരുന്നതാണ്.'

■ ജിസിനി വേർണർ (Gisine Werner) സാഹിബ പറയുന്നു: 'ഇന്നത്തെ മസ്ജിദുൽഘാടന പരിപാടി വളരെ നല്ലതായിരുന്നു. ഖലീഫ വളരെയധികം സ്നേഹമുള്ള വ്യക്തിയാണെന്ന് മനസ്സിലാകുന്നു. അദ്ദേഹം സംസാരിക്കുന്ന ഓരോ കാര്യവും ശരിയാണ്. അതിൽ ദൃഢമായും വിശ്വസിക്കേണ്ടതാണ്.'

■ വീസ്ബാഡൻ പാർലമെന്റംഗം വോൾഫാംഗ് നിക്കൽ(Wolfgang Nickel) സാഹിബ് പറയുന്നു: 'എനിക്ക് നിങ്ങളുടെ വിവിധ പരിപാടികളിൽ പങ്കെടുക്കാൻ അവസരം ലഭിക്കാറുണ്ട്. തറക്കല്ലിടൽ പരിപാടിയിലും ഞാൻ സംബന്ധിച്ചിരുന്നു. ഞാൻ ഖലീഫയെ വളരെ ആഴത്തിൽ ദർശിച്ചു കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണവും ഞാൻ ശ്രവിച്ചു. എത്രയധികം സമാധാനത്തോടെയും കാര്യഗൗരവത്തോടെയും അദ്ദേഹം തന്റെ വിഷയങ്ങൾ സമർപ്പിച്ചതെന്നത് വളരെ അത്ഭുതമാണ്. അദ്ദേഹം സംസാരിച്ചതിൽ കൂടുതലൊന്നും ചേർക്കാന് എനിക്ക് സാധ്യമല്ല.'

■ ഒരു മുസ്‌ലിം വനിത പറയുന്നു:'ഖലീഫയുടെ വാക്കുകൾ വളരെയധികം സ്വാധീനം ഉളവാക്കുന്നതാണ്. ലോകത്തിന്റെ ഇന്നത്തെ അവസ്ഥകൾ നോക്കുമ്പോൾ അദ്ദേഹത്തിന്റെ വാക്കുകൾ സുപ്രധാനമാണ്. മതം മുഖേന ഇന്ന് സമാധാനം വീണ്ടും ലോകത്ത് സ്ഥാപിക്കാൻ സാധിക്കും.

വീസ്ബാഡനിലെ മസ്ജിദ് മുബാറക്കിന്റെ ഉൽഘാടനം ഇലക്ട്രോണിക് മീഡിയയും പ്രിന്റ് മീഡിയയും വളരെയധികം കവറേജ് നല്കി. മൂന്ന് ടി.വീ ചാനലുകൾ, ഏഴു പത്രങ്ങൾ അഞ്ച് ഓൺ ലൈൻ മീഡിയയും ഈ വാർത്തകൾ നല്കി. ഇലക്ട്രോണിക്, പ്രിന്റ് മീഡിയകൾ മുഖേന 79 ലക്ഷത്തി അമ്പത്തി ഒമ്പതിനായിരത്തി 970 വ്യക്തികളിലേക്ക് സന്ദേശമെത്തി.

വീസ്ബാഡനർ ടാഗ്ബ്ലാറ്റ്(Wiesbadener Tagblat) പത്രം ഇപ്രകാരം വാർത്ത നല്കി: ഖലീഫ മിർസാ മസ്റൂർ അഹ്മദ് പറഞ്ഞു: 'തന്നെ, പട്ടണം തുറന്ന ഹൃദയത്തോടെയാണ് സ്വാഗതം ചെയ്തത്. അധിക മസ്ജിദുകളെ സംബന്ധിച്ചും വിദ്വേഷവും ഭയവും നിലനില്ക്കുന്നു. മസ്ജിദുകളിൽ തീവ്രവാദം വ്യാപിപ്പിക്കുകയാണെങ്കിൽ അത് ഇസ്‌ലാമല്ല. മാനുഷിക മൂല്യങ്ങൾ സംരക്ഷിക്കുക, എന്നത് നമ്മുടെ നിർബന്ധ കടമയാണ്. വിശുദ്ധ ഖുർആനിൽ അയൽ വാസികളോടുള്ള വളരെയധികം കടമകൾ വിവരിക്കപ്പെട്ടിരിക്കുന്നു.

ഒരു പ്രാദേശിക ടി.വീ ചാനലായ സാറ്റ്1 റീജ്യണൽ(Sat1 Regional) 2 മിനിറ്റു 8 സെക്കന്റ് നീണ്ടു നില്ക്കുന്ന വാർത്ത നല്കി. ഇതിൽ വീസ് ബാഡൻ പ്രസ്സ്കോൺഫ്രൻസിൽ ഹുദൂർ വിവരിച്ച കാര്യങ്ങളും നല്കി.

ഈ നഗരവാസികൾ തങ്ങളുടെ ഹൃദയങ്ങളിൽ ഒരു ഭീതിയും വെക്കരുത്. കാരണം, ഞങ്ങൾ വളരെയധികം സമാധാന കാംക്ഷിയായ ജമാഅത്താണ്. ഞങ്ങൾ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ പിൻപറ്റുന്നവരാണ്.

### 2019 ഒക്ടോബർ 15 ചൊവ്വാഴ്ച

രാവിലെ 06.50–ന് ഹുദൂർ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. അതിനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി. രാവിലെ ഓഫീസ് സംബന്ധമായ കത്തുകൾ, റിപ്പോർട്ടുകൾ, വ്യക്തിപരമായ കത്തുകൾ തുടങ്ങിയവ പരിശോധിക്കുകയും ആവശ്യമായ നിർദേശങ്ങൾ കൊടുക്കുകയും ചെയ്തു.

### കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ

പരിപാടി അനുസരിച്ച്11 മണിക്ക് ഹുദൂർ ഓഫീസിലെത്തി. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചക്ക് തുടക്കമിട്ടു. ഇന്ന് രാവിലെ നടന്ന ഈ സെഷനിൽ 19 കുടുംബങ്ങളിൽ നിന്നുമുള്ള 76 ആളുകളും 2 പേർ വ്യക്തിഗതമായും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ജർമനിയിലെ 17 ജമാഅത്തുകളിൽനിന്നുമാണ് ഇവർ വന്നത്. ഇവരെക്കൂടാതെ പാക്കിസ്താനിൽനിന്നു വന്ന ഒരു സ്നേഹിതനും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ചില കുടുംബങ്ങൾ ദീർഘദൂരം യാത്ര ചെയ്താണ് വന്നത്. പുൽഹെയിം, സ്റ്റട്ട് ഗാർട്ട്(Pulheim, Stuttgart) എന്നീ സ്ഥലങ്ങളിൽ നിന്നു വന്നവർ 215 കിലോമീറ്ററും ഫ്രെയ്ബെർഗിൽ(Freiburg) നിന്നുമുള്ളവർ 250 കിലോമീറ്ററും കാളിൽ(Calw) നിന്നു വന്നവർ 285 കിലോമീറ്ററും മുൻചനിൽ(Munchen) നിന്നു വന്നവർ 405 കിലോമീറ്ററും യാത്ര ചെയ്താണ് ഹുദൂറിനെ കാണാനെത്തിയത്. ഇവർക്കെല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് ഹുദൂർ പേനയും കുട്ടികൾക്ക് ചോക്ലേറ്റും ഹുദൂർ നല്കി.

കൂടിക്കാഴ്ചകളുടെ ഈ പ്രോഗ്രാം 12.45 വരെ നീണ്ടുനിന്നു.(തുടരും)

(ഖുത്വ്ബ ജുമുഅ 17–12–2021, ബദ്ർ വാല്യം 7 ലക്കം 4 പേജിൽ 15–ൽ നിന്ന് തുടർച്ച......)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ് (റഹ്)ആണ് അദ്ദേഹത്തിന്റെ വിവാഹം നടത്തിയത്. ഹദ്റത്ത് മൗലാനാ അബുൽ അത്ത്വാ സാഹിബ് നികാഹ് വിളംബരം നടത്തി. അല്ലാഹു അദ്ദേഹത്തിന് മൂന്ന് ആൺമക്കളെയും രണ്ടു പെൺമക്കളെയും നൽകി അനുഗ്രഹിച്ചു. അദ്ദേഹത്തിന്റെ മകൻ പറയുന്നു: എപ്പോഴെങ്കിലും ജമാഅത്തിനെ പറ്റി എവിടെയെങ്കിലുംതെറ്റായ കാര്യം സംസാരിച്ചാൽ ഉടനെ തടയുമായിരുന്നു. ഖിലാഫത്തിനോട് അനിതരസാധാരണമായ സ്നേഹമായിരുന്നു. ഒരിക്കൽ വീട്ടിലാരോ, അതല്ല വീട്ടിൽ വന്ന ഏതോ അതിഥിയോ മറ്റോ താങ്കൾക്ക് ജമാഅത്തു മുഖേന കിട്ടിയ ക്വാർട്ടർ ചെറുതാണെന്നും താങ്കൾ ആവശ്യപ്പെട്ടാൽ വലുതുകിട്ടുമെന്നും പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞു: ജമാഅത്ത് എന്നെ ടെന്റിലാണ് വെക്കുന്നതെങ്കിലും അവിടെ താമസിക്കാനും ഞാൻ തയ്യാറാണ്. പിന്നെ അദ്ദേഹത്തിന്റെ മകൻ എഴുതുന്നു: അദ്ദേഹത്തിന്റെ വഫാത്തിനുശേഷമാണ് അദ്ദേഹം നിരവധി ദരിദ്രരായ ആളുകൾക്ക് ആരുമറിയാതെ സഹായം ചെയ്തിരുന്നുവെന്ന അദ്ദേഹത്തിന്റെ നന്മയെപറ്റി അറിയാൻ കഴിഞ്ഞത്. അദ്ദേഹത്തിന്റെ ചെറിയ മകൻ പറയുന്നു: അദ്ദേഹം തഹജ്ജുദ് നമസ്കാരം ശീലമുള്ള ആളായിരുന്നു. വിശുദ്ധ ഖുർആനോടു സ്നേഹമുണ്ടായിരുന്നു. നിർമല ഹൃദയൻ, സ്നേഹമസൃണമായ രീതി, വിശ്വസ്തൻ, സത്യസന്ധൻ, തുടങ്ങി നിരവധി നല്ല സ്വഭാവങ്ങൾക്ക് ഉടമയായിരുന്നു. കാലത്തിന്റെ ഖലീഫയോടുള്ള അനുസരണത്തിലും ഖിലാഫത്തിനോടുള്ള കൂറിലും വഖ്ഫുകടമ നിറവേറ്റുന്നതിലും അസാധാരണമായ ആവേശമുള്ള ആളായിരുന്നു. ഇത് എനിക്കും കാണാൻ കഴിഞ്ഞിട്ടുണ്ട്. വളരെ ശുദ്ധമായ മനസ്സിനുടമയും വിനയാന്വിതനും എല്ലാ ജോലികളും ചെയ്യുന്ന കൂറോടുകൂടി തന്റെ ബൈഅത്തിന്റെ

കടമ നിറവേറ്റുന്നയാളുമായിരുന്നു. ജമാഅത്തിന്റെ പൈസ എങ്ങനേയും സംരക്ഷിക്കുന്നതിന് അദ്ദേഹം പരിശ്രമിച്ചിരുന്നു. കുറഞ്ഞ ചെലവിൽ കൂടുതൽ നേട്ടം എങ്ങനെ ഉണ്ടാക്കാമെന്ന് നോക്കിയിരുന്നു. അദ്ദേഹം റൊട്ടി ഉണ്ടാക്കാനുള്ള ചില മെഷീനുകളും സ്വന്തമായി ഡിസൈൻ ചെയ്തു. ഇക്കാര്യത്തിൽ അദ്ദേഹം റബ്വയിൽ ഒരുപാട് ജോലി ചെയ്തിട്ടുണ്ട്. വീണ്ടും എഴുതുന്നു: ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമുണ്ടാകുമ്പോൾ എപ്പോഴും അദ്ദേഹത്തിൽ ക്ഷമയും ആത്മവിശ്വാസവും കണ്ടിട്ടുണ്ട്. ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉണ്ടാകുമ്പോൾ മിക്ക സമയത്തും വിശുദ്ധ ഖുർആൻ ഓതുന്നതായും കണ്ടിട്ടുണ്ട്. രോഗാവസ്ഥയിൽപോലും മരണത്തിന് മുമ്പേയും ചെറിയ ബുദ്ധിമുട്ടുകൾ പോലും അറിയിച്ചിരുന്നില്ല. എല്ലാ ജോലികളും വളരെ വിശ്വസ്തമായും ആത്മാർഥമായും ചെയ്തിരുന്നു. ഇത് നേരത്തെയും പരാമർശിച്ചതാണ്.

അടുത്ത അനുസ്മരണം അമേരിക്കയിലെ മുൻ അമീർ ഇഹ്സാനുല്ലാഹ് സഫ്ർ സാഹിബിന്റെഭാര്യ ഖാനിത്താ സഫ്ർ സാഹിബയെ കുറിച്ചാണ്. കഴിഞ്ഞ ദിവസം കാറപകടത്തിൽ അവർ വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* 1941 ലാണ് അവർ ജനിച്ചത്. അവരുടെ പിതാവ് റിട്ടയേർഡ് സെഷൻ ജഡ്ജ് ചൗദരി അസം അലി സാഹിബാണ്. അദ്ദേഹത്തിന്റെ മാതാമഹൻ ചൗദരി ഫഖീർ മുഹമ്മദ് സാഹിബായിരുന്നു. ഇദ്ദേഹം പാർട്ടീഷനു തൊട്ടടുത്ത് നാളിൽ ഉമൂറെആമയായി സേവനം ചെയ്തിട്ടുണ്ട്. ഒരുപാട് നന്മകളുടെ ഉടമയും എല്ലാവരോടും നല്ല രീതിയിൽ വർത്തിക്കുന്ന സ്ത്രീ യുമായിരുന്നു. ഖിലാഫത്തിനോട് എപ്പോഴും ആത്മാർഥമായ ബന്ധമുണ്ടായിരുന്നു. അവരത് വെളിപ്പെടുത്തുകയും ചെയ്തിരുന്നു. അവർക്ക് വിശുദ്ധ ഖുർആനോട് വളരെ അനുരക്തി ആയിരുന്നു. നബി(സ) തിരുമേനിയോടും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും വളരെ വിശ്വാസപരമായ ബന്ധമായിരുന്നു. തന്റെ മക്കളിലും ഈ സ്നേഹവും വിശ്വാസവും ഉണ്ടാക്കാൻ പരിശ്രമിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയ ആയിരുന്നു. സന്തപ്ത കുടുംബത്തിൽ ഭർത്താവിനെ കൂടാതെ രണ്ടു പെൺമക്കളുമുണ്ട്. ഒരു യുവാവായ മകൻ അപകടത്തിൽ കുറച്ചു വർഷംമുമ്പേ മരണപ്പെട്ടിരുന്നു. വളരെ ക്ഷമയോടുകൂടി അവർ ഈ പ്രയാസത്തെ സഹിക്കുകയുണ്ടായി.

ഓസ്ട്രേലിയായിലെ മുറബ്ബി ഇനാമുൽ ഹഖ് കൗഥർ സാഹിബ് ഇവർ അമേരിക്കയിൽ പോയതിനെ കുറിച്ചെഴുതുന്നു: വിശുദ്ധ ഖുർആന്റെ ക്ലാസുകൾ നടന്നിരുന്നു. അതിൽ അവർ കൃത്യമായി പങ്കെടുത്തിരുന്നു. വളരെ ദൂരം താണ്ടിയാണ് വന്നിരുന്നത്. PhD ഡോക്ടറായിരുന്നെങ്കിലും സ്വഭാവം വളരെ ലളിതമായിരുന്നു. ഒരു തരത്തിലുള്ള ദുരഭിമാനമോ പ്രദർശനപരതയോ ഉണ്ടായിരുന്നില്ല. സാധുക്കളെയും ആവശ്യക്കാരെയും വളരെയധികം ശ്രദ്ധിച്ചിരുന്നു. മുബല്ലിഗുമാരോട് വാത്സല്യമുള്ള മാതാവിനെ പോലെ പെരുമാറിയിരുന്നു. അവരോട് ആദരവും പ്രകടിപ്പിച്ചിരുന്നു. വളരെ വിനയാനിതയായി എല്ലാ ജോലികളും ചെയ്തിരുന്നു. ലജ്നകളോട് ചെരുപ്പുകൾ വെക്കേണ്ടിടത്തുതന്നെ വെക്കാൻ പറയുമായിരുന്നു. ആരെങ്കിലും വെച്ചില്ലെങ്കിൽ സ്വയം അതെടുത്ത് തൽസ്ഥാനത്തേക്ക് വെക്കുമായിരുന്നു. കൂടാതെ മസ്ജിദ് വൃത്തിയാക്കുന്ന ജോലിയും മറ്റും വളരെ വിനയത്തോടെ ചെയ്തിരുന്നു. പറയുന്നു: അഹങ്കാരവും പ്രദർശനപരതയും അല്പംപോലും തീണ്ടിയിരുന്നില്ല. വളരെ ലളിതമായ വസ്ത്ര ധാരണമായിരുന്നു. വളരെ നല്ല രീതിയിലാണ് പെരുമാറിയിരുന്നത്. ആരോടും നീരസം പ്രകടിപ്പിച്ചിരുന്നില്ല. എല്ലാവരോടും നല്ല രീതിയിൽ വർത്തിച്ചു. ഖിലാഫത്തിന്റെ ഭാഗത്തുനിന്നുള്ള എല്ലാ ആഹ്വാനങ്ങൾക്കും ലബ്ബയ്ക്ക് പറഞ്ഞിരുന്നു.

അല്ലാഹു എല്ലാ പരേതാത്മക്കൾക്കും പൊറുത്തുകൊടുക്കുകയും കരുണ കാണിക്കുകയും അവരുടെ സ്ഥാനങ്ങൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ. അവരുടെ തലമുറകൾക്കും അവരുടെ ചുവടുകൾക്കനുസരിച്ച് നീങ്ങാൻ തൗഫീഖ് നൽകുമാറാകട്ടെ.

* * * * * * * * * * * * * * * * * * * * * * * * * * * * * * * * * * * *

## ബദ്ർ ആഴ്ചപ്പതിപ്പ് സ്വയം വായിക്കുക; തങ്ങളുടെ സുഹൃത്തുക്കൾക്കുവേണ്ടി വരിക്കാരാകുക.

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് ബദ്ർ ആഴ്ചപ്പതിപ്പിന്റെ സ്പെഷ്യൽ പതിപ്പിലേക്ക് സന്ദേശം അയച്ചുകൊണ്ട് പറഞ്ഞു:

''ജമാഅത്തംഗങ്ങളുടെ ആത്മീയ പരിഷ്കരണത്തിനും അഭിവൃദ്ധിക്കുംവേണ്ടിയാണ് ബദ്ർ ആഴ്ചപ്പതിപ്പ് ആരംഭിച്ചിട്ടുള്ളതെന്ന് അതിന്റെ പ്രവർത്തകരും വായനക്കാരും എപ്പോഴും ഓർക്കേണ്ടതാണ്. നമ്മുടെ പൂർവിക മഹാത്മാക്കൾ പ്രതികൂലാവസ്ഥയിലും അത് തുടർന്നുകൊണ്ടുവരാൻ ആത്മാർഥമായി ശ്രമിച്ചു. അവരുടെ ദുആകളുടേയും തെളിമയാർന്ന ശ്രമങ്ങളുടേയും അനുഗ്രഹത്താൽ ഇന്നുവരെ അത് നടന്നുവരുന്നു. ഇക്കാര്യം വിളിച്ചോതുന്നത് ഏറ്റവും കൂടുതൽ അഹ്മദികൾ അത് വായിക്കണമെന്നും പ്രയോജനപ്പെടുത്തണമെന്നുമാണ്. അല്ലാഹു അവന്റെ കൃപകൊണ്ട് ഭാരതത്തിലെ അഹ്മദികൾക്ക് മറ്റു ലോകഅഹ്മദികളെ അപേക്ഷിച്ച് പ്രത്യേകമായും ഇത് വായിക്കാനും ഇതുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കാനും സൗഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.''

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ (അയ്യദഹുല്ലാഹ്) സുപ്രധാനവും ഉൾക്കാഴ്ചാഭരിതവുമായ മേൽനിർദേശത്തിന്റെ വെളിച്ചത്തിൽ, ഓരോ വീട്ടിലും ബദ്ർ ആഴ്ചപ്പതിപ്പിന്റെ വായന നടപ്പിൽ വരുത്തേണ്ടത് അനിവാര്യമാണെന്ന് ഭാരതത്തിലെ ജമാഅത്തംഗങ്ങളെ ഓർമിപ്പിക്കുകയാണ്. ഇതിൽ വിശുദ്ധഖുർആൻ, തിരുഹദീഥ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശനിർദ്ദേശങ്ങൾക്കു പുറമെ ഖലീഫത്തുൽ മസീഹിന്റെ ജുമുഅ ഖുത്ബകളും പ്രഭാഷണങ്ങളും അതുപോലെതന്നെ അവിടന്ന് വിവിധ രാജ്യങ്ങളിൽ നടത്തുന്ന പര്യടനങ്ങളുടെ ഹൃദ്യവും ഈമാൻ ദൃഢീകരിക്കുന്നതുമായ റിപ്പോർട്ടുകളും കൃത്യമായി പ്രസിദ്ധീകരിച്ചുവരുന്നു. ഇതു വായിക്കേണ്ടത് ഓരോ അഹ്മദിക്കും നിർബന്ധമാണ്. ദൈവകൃപയാൽ ഇപ്പോൾ ഈ ആഴ്ചപ്പതിപ്പ് ഹിന്ദി, ബംഗ്ല, തമിൾ, തെലുങ്ക്, മലയാളം, ഒഡിയ, കന്നഡ ഭാഷകളിൽ പ്രസിദ്ധീകരിച്ചുവരുന്നു. ഇതുവരെ വരിക്കാരായിട്ടില്ലാത്ത അഹ്മദികൾ, വരിക്കാരാകുകയും സ്വയം വായിക്കുകയും കുട്ടികളേയും വീട്ടിലെ മറ്റുള്ളവരേയും വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതാണ്. ബദ്ർ ആഴ്ചപ്പതിപ്പ് ലഭ്യമാകുന്നതിനേയും വരിസംഖ്യ നല്കുന്നതിനേയും സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

+91 1872 22 47570, +91 94170 20616 managerbadrqnd@gmail.com

### • അല്ലാഹുവിന്റെ കലാം •

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"** *(വിശുദ്ധ ഖുർആൻ 54:18)*

**താലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

### • അല്ലാഹുവിന്റെ കലാം •

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."** *(വിശുദ്ധ ഖുർആൻ 14:36)*

**താലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

പേജ് 5 ൽ നിന്ന്

കെട്ടിയ സംഭവം ഹദ്റത്ത് അബൂബക്റിന്റെ വീട്ടിൽനിന്ന് വിടപറയുമ്പോൾ ആയിരിക്കും, ഥൗർഗുഹയിൽനിന്ന് മദീനയിലേക്ക് യാത്ര പുറപ്പെടുമ്പോൾ ആയിരിക്കുകയില്ല. എന്തായാലും വല്ലാഹു അഅ്ലമു.

ഹദ്റത്ത് അസ്മാ(റ)വിവരിക്കുന്നു: നബി(സ)തിരുമേനിയും അബൂബക്ർ(റ)ഉം ഹിജ്റത്തിനുവേണ്ടി പുറപ്പെട്ടപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)തന്റെ എല്ലാ ധനവും കൂടെക്കൊണ്ടുപോയി. അത് അയ്യായിരമോ ആറായിരമോ ദിർഹമുണ്ടായിരുന്നു.

അവർ പറയുന്നു: ഞങ്ങളുടെ പിതാമഹൻ അബൂഖുഹാഫ ഞങ്ങളുടെ അടുത്തുവന്നു. അപ്പോൾ അദ്ദേഹത്തിന്റെ കാഴ്ച നഷ്ടപ്പെട്ടിരുന്നു. അദ്ദേഹം പറഞ്ഞു: അല്ലാഹുവാണ! ഞാൻ ധരിക്കുന്നത് അയാൾ അതായത് ഹദ്റത്ത് അബൂബക്ർ താൻ മുഖേനയും തന്റെ ധനം മുഖേനയും നിങ്ങളെ മുസ്വീബത്തിൽ ഇട്ടുവെന്നാണ്. അതുകേട്ട് ഹദ്റത്ത് അസ്മാ പറയുന്നു:ഞാൻ പറഞ്ഞു:പിതാമഹനേ! ഒരിക്കലും അങ്ങനെയല്ല! അദ്ദേഹം ഞങ്ങൾക്കുവേണ്ടി ഒരുപാട് സ്വത്ത് വിട്ടും വച്ചാണ് പോയത്. അവർ പറയുന്നു:ഞാൻ കുറച്ചു കല്ലെടുത്തു. അവ വീടിന്റെ കിളിവാതിലിൽ വെച്ചു. അവിടെയാണ് എന്റെ പിതാവ് ധനം വെക്കാറുണ്ടായിരുന്നത്. പിന്നീട് ഞാൻ അതിൽ തുണിയിട്ടു. എന്റെ പിതാമഹന്റെ കൈപിടിച്ച് ഞാൻ പറഞ്ഞു: പിതാമഹനേ! ഈ സ്വത്തിൽ അങ്ങയുടെ കൈ വെച്ചാലും. അങ്ങനെ അദ്ദേഹം അതിൽ തന്റെ കൈവെച്ചു. പറഞ്ഞു, ഒരു കുറ്റവുമില്ല. അദ്ദേഹം നിങ്ങൾക്കുവേണ്ടി കുറച്ചു വിട്ടുംവെച്ച് പോയിട്ടുണ്ടെങ്കിൽ അപ്പോൾ അദ്ദേഹം നല്ലതാണ് ചെയ്തത്. ഹദ്റത്ത് അസ്മാ പറയുന്നു:അല്ലാഹുവാണ! ഹദ്റത്ത് അബൂബക്ർ ഞങ്ങൾക്കുവേണ്ടി ഒന്നുംതന്നെ വിട്ടുംവെച്ച് പോയിരുന്നില്ല. എന്നാൽ, ഞാനാഗ്രഹിച്ചത് ഈ വൃദ്ധന് അങ്ങനെയെങ്കിലും മനസ്സമാധാനം കിട്ടട്ടെ എന്നാണ്. *(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം, പേജ് 345, ഹിജ്റത്തുർറസൂൽ(സ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ 2001)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഥൗർഗുഹയിൽ നിന്നുള്ള പുറപ്പെടലിനെ സംബന്ധിച്ച് എഴുതുന്നു: 'ഥൗർഗുഹയിൽനിന്ന് പുറപ്പെട്ട് അവിടന്ന് ഒരു ഒട്ടകത്തിന്മേൽ, ചില നിവേദനങ്ങളിൽ അതിന്റെ പേര് അൽഖസ്വാ എന്ന് വിവരിക്കപ്പെട്ടിരിക്കുന്നു, യാത്രയായി. രണ്ടാമത്തേതിൽ ഹദ്റത്ത് അബൂബക്റും അദ്ദേഹത്തിന്റെ സേവകൻ ആമിർ ബിൻ ഫുഹയ്റയും യാത്രയായി. യാത്ര പുറപ്പെട്ട് പോകുമ്പോൾ അവിടന്ന് മക്കയുടെ നേരെ അവസാനമായി ദൃഷ്ടിപതിപ്പിച്ചുകൊണ്ടു ദുഃഖഭരിതമായ വാക്കുളിൽ പറഞ്ഞു: അല്ലയോ മക്കയുടെ നാടേ!നീ എനിക്ക് എല്ലാ നാടുകളെക്കാളും പ്രിയങ്കരിയാണ്. എന്നാൽ, നിന്നിലെ ജനങ്ങൾ എന്നെ ഇവിടെ ജീവിക്കാൻ വിടുന്നില്ല. ആ നേരത്ത് ഹദ്റത്ത് അബൂബക്ർ പറഞ്ഞു:അവർ തങ്ങളുടെ നബിയെ പുറത്താക്കി. ഇനി അവർ തീർച്ചയായും നശിച്ചൊടുങ്ങും! *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 240)*

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: രണ്ടുദിവസം ആ ഗുഹയിൽ കാത്തിരുന്നതിനുശേഷം മുമ്പേ തീരുമാനിച്ചതു പ്രകാരം രാത്രി നേരത്ത് ഗുഹയുടെ അടുത്ത് യാത്രാവാഹനങ്ങൾ എത്തിക്കപ്പെട്ടു. വേഗമുള്ള രണ്ടു ഒട്ടകത്തിന്മേൽ മുഹമ്മദു റസൂലുല്ലാഹി(സ)യും ആ മഹാത്മാവിന്റെ കൂട്ടുകാരനും പുറപ്പെട്ടു. ഒരു ഒട്ടകത്തിന്മേൽ മുഹമ്മദു റസൂലുല്ലായും(സ)വഴികാണിക്കുന്നയാളും യാത്രയായി. ഇങ്ങനേയും ഒരു നിവേദനത്തിൽ വരുന്നുണ്ട്. ഇരുവരും ഒരു യാത്രാവാഹനത്തിലായിരുന്നു. ഒരു നിവേദനത്തിൽ പറയുന്നത് മൂന്നു ഒട്ടകമുണ്ടായിരുന്നുവെന്നാണ്. എന്തായാലും രണ്ടാമത്തെ ഒട്ടകത്തിന്മേൽ ഹദ്റത്ത് അബൂബക്റും അദ്ദേഹത്തിന്റെ ജോലിക്കാരൻ ആമിർ ബിൻ ഫുഹയ്റയും യാത്ര ചെയ്തു. മദീനയുടെ ഭാഗത്തേക്ക് പുറപ്പെടുന്നതിനുമുമ്പേ നബി(സ) തിരുമേനി തന്റെ മുഖം മക്കയുടെ ഭാഗത്തേക്ക് തിരിച്ചു. താൻ പിറന്ന ആ പരിശുദ്ധ നഗരത്തിൽ, അവിടന്ന് ദൈവനിയോഗിതനായ നഗരത്തിൽ, തന്റെ പൂർവപിതാക്കൾ താമസിച്ചുവന്നിരുന്ന ആ നഗരത്തിനുമേൽ അവിടന്ന് അവസാന ദൃഷ്ടി പതിപ്പിച്ചു. അങ്ങേയറ്റം വിഷമത്തോടെ ആ നഗരത്തെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു:'അല്ലയോ മക്ക!നീ എനിക്ക് എല്ലാ സ്ഥലങ്ങളെക്കാളും പ്രിയപ്പെട്ടതാണ്. എന്നാൽ, നിന്നിൽ വസിക്കുന്നവർ എന്നെ ഇവിടെ താമസിക്കാൻ വിടുന്നില്ല.' ആ നേരത്ത് ഹദ്റത്ത് അബൂബക്റും അങ്ങേയറ്റം ദുഃഖത്തോടെ പറഞ്ഞു: അവർ തങ്ങളുടെ നബിയെ പുറത്താക്കി. ഇനി ഇവർ തീർച്ചയായും നശിച്ചൊടുങ്ങും.' *(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം വാല്യം 20, പേജ് 223-224)(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം, ബാബു ഹിജ്റത്തുർറസൂൽ(സ), പേജ് 344, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ 2001)*

ഒരു നിവേദനമനുസരിച്ച് മക്കയിൽനിന്ന് ഏകദേശം 82 മൈൽ ദൂരത്തുള്ള ജുഹ്ഫ എന്ന സ്ഥലത്തെത്തിയപ്പോൾ ഈ ആയത്തിറങ്ങി; **ഇന്നല്ലദീ ഫർള അലയ്ക്കൽഖുർആന ലറാദ്ദുക്ക ഇലാ മആദിൻ.** ഖുർആൻ നിനക്കു നിയമമാക്കി കല്പിച്ചവൻ തീർച്ചയായും നിന്നെ പ്രത്യാഗമന സ്ഥാനത്തേക്ക് തിരിച്ചെത്തിക്കുന്നവനാണ്(28:86) *(മുഹമ്മദു റസൂലുല്ലാഹ് വല്ലദീന മഅഹു, അബ്ദുൽഹമീദ് ജോദ അസ്സിഹാർ, വാല്യം 3, പേജ് 64, മക്തബ മിസ്ർ)(ശറഹ് സുർഖാനി അലാ മവാഹിബുല്ലദുന്നീ, വാല്യം 2, പേജ് 172, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

രാത്രി മുഴുവൻ യാത്ര തുടർന്നു. അങ്ങനെ ഉച്ചനേരമായപ്പോൾ ഒരു പാറയുടെ തണലിൽ സംഘം വിശ്രമിക്കാൻ തങ്ങി. ഹദ്റത്ത് അബൂബക്ർ കിടക്കാൻ ബിസ്തർ തയ്യാറാക്കി. വിശ്രമിക്കുന്നതിന് നബി(സ)തിരുമേനിയോടു അപേക്ഷിച്ചു. നബി(സ)തിരുമേനി കിടന്നു. പിന്നീട് പിന്തുടർന്ന് ആരെങ്കിലും വരുന്നുണ്ടോ എന്ന് നോക്കാൻ ഹദ്റത്ത് അബൂബകർ പുറത്തിറങ്ങി. ഇത്രയുമായപ്പോൾ ദൂരെനിന്ന് ഒരു ആട്ടിടയനും തണലന്വേഷിച്ച് അവിടെ വന്നു. ഹദറത്ത് അബൂബക്ർ പറയുന്നു: ഞാൻ അയാളോടു ചോദിച്ചു, കുട്ടീ! നീ ആരുടെ അടിമയാണ്? ഖുറയ്ശിലെ ഒരാളുടെ അടിമയാണെന്ന് അവൻ പറഞ്ഞു. അവൻ അയാളുടെ പേരു പറഞ്ഞു. ഞാൻ അയാളെ തിരിച്ചറിഞ്ഞു. നിന്റെ ആടുകളിൽ കുറച്ചു പാലുണ്ടാകുമോ എന്ന് ഞാൻ അവനോടു ചോദിച്ചു. ഉണ്ടെന്ന് അവൻ പറഞ്ഞു. നീ ഞങ്ങൾക്ക് കുറച്ചു പാലുതരുമോ എന്ന് ഞാൻ അവനോടു ചോദിച്ചു. തരാമെന്ന് അവൻ പറഞ്ഞു. ഞാൻ അവനോടു പാലു കറന്നെടുക്കാൻ പറഞ്ഞു. അവൻ തന്റെ ആടുകളിൽനിന്ന് ഒരെണ്ണത്തിന്റെ കാല്, അതിന്റെ കാലിന്റെ പിന്നിലെ മാംസളഭാഗത്തിന്റേയും തുടയുടേയും ഇടയിൽ പിടിച്ചു. ആദ്യം അകിട് നല്ലവണ്ണം വൃത്തിയാക്കാൻ ഞാൻ അവനോടു പറഞ്ഞു. പിന്നെ എന്റെ മേൽനോട്ടത്തിൽ പാല് പാത്രത്തിൽ കറന്നു. പിന്നീട് പാലിന്റെ കട്ടി കുറയുന്നതിന് കുറച്ചു വെള്ളമൊഴിച്ചു. പാല് നബി(സ)തിരുമേനിക്ക് കൊടുത്തു. ചില നിവേദനങ്ങളിലുണ്ട്, ഹദ്റത്ത് അബൂബക്ർ പാലുമായി നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായപ്പോൾ നബി(സ)തിരുമേനി അപ്പോഴും ഉറങ്ങുകയായിരുന്നു. നബിയുടെ വിശ്രമത്തിന് ഭംഗമുണ്ടാക്കാൻ അബൂബക്ർ ആഗ്രഹിച്ചില്ല. അങ്ങനെ നബി(സ)തിരുമേനി ഉണരുന്നതും കാത്തിരുന്നു. ഉണർന്നപ്പോൾ പാലു കൊടുത്തു. അല്ലാഹുവിന്റെ റസൂലേ! കുടിച്ചാലും എന്നു പറഞ്ഞു. നബി(സ)തിരുമേനി എത്രമാത്രം കുടിച്ചുവെന്നാൽ ഹദ്റത്ത് അബൂബക്ർ പറയുന്നു, എനിക്കു സന്തോഷമായി. പിന്നീട് ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ!യാത്ര തുടരാൻ സമയമായി. അതേ! എന്ന് അവിടന്ന് പറഞ്ഞു. ഒരു നിവേദനത്തിൽ ഇങ്ങനെ പറയുന്നുണ്ട്. നബി(സ)തിരുമേനി പറഞ്ഞു: 'ഇനി യാത്ര വീണ്ടും തുടങ്ങുക.' എന്റെ യജമാനരേ, അങ്ങനെതന്നെ എന്നു പറയപ്പെട്ടു. അങ്ങനെ യാത്ര വീണ്ടും ആരംഭിച്ചു. *(സ്വഹീഹ് ബുഖാരി, കിതാബു ഫളാഇലു അസ്ഹാബുന്നബിയ്യി(സ),ബാബു മനാഖിബിൽ മുഹാജിരീന വ ഫള്ലിഹും ഹദീഥ് 3652)(സുബുലുൽഹുദാ വർറശാദ് വാല്യം 3, പേജ് 243-244, പ്രാസധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)*

സുറാഖ ബിൻ മാലിക്ക് പിന്തുടർന്ന സംഭവം ഇങ്ങനെയാണ്. ഉറയ്ഖിത്ജീയിൽനിന്ന് വഴിയറിയുന്ന വിദഗ്ദ്ധനായ ഒരാളുടെ മേൽനോട്ടത്തിൽ കടൽതീര നാടുകളുടെ ഭാഗത്തൂടെ മദീനയിലേക്ക് ഈ യാത്ര തുടങ്ങി. അത് മദീനയിലെ പൊതുവഴിയിൽനിന്ന് വ്യത്യസ്ത റൂട്ട്(Rout) ആയിരുന്നു. മക്കയിലും അതിനുചുറ്റുവട്ടത്തുള്ള നാടുകളിലും 100 ഒട്ടകത്തിന്റെ വിളംബരം ചെയ്യപ്പെട്ടു കഴിഞ്ഞിരുന്നു. ധാരാളമാളുകൾ ഈ വിലപിടിച്ച സമ്മാനം തങ്ങൾക്കു ലഭിക്കണമെന്നാഗ്രഹിച്ചിരുന്നു. സുറാഖ ബിൻ മാലിക്-പിന്നീട് ഇയാൾ മുസ്ലിമായി, ഇസ്ലാം വിശ്വസിച്ചതിനുശേഷം ഇദ്ദേഹം സ്വയം ഈ സംഭവം വിവരിക്കുകയുണ്ടായി. പറയുന്നു:ഞങ്ങളുടെ അടുത്ത് ഖുറയ്ശിലെ ദൂതൻ വന്നു. അവർ നബി(സ) തിരുമേനിയുടേയും ഹദ്റത്ത് അബൂബക്റിന്റേയും രക്തപരിഹാരധനം(ദിയത്ത്) നിശ്ചയിച്ചുറപ്പിച്ചിരുന്നു; അവരിരുവരേയും വധിക്കുകയോ ജീവനോടെ പിടിക്കുകയോ ചെയ്യുന്നവർക്ക്!

സുറാഖ പറയുന്നു: ഞാൻ എന്റെ ജനതയായ ബനൂമുദ്ലിജിന്റെ ഒരു മജ്ലിസിൽ ഇരിക്കുകയായിരുന്നു. ഒരാൾ അവരുടെ മുമ്പിലൂടെ വരികയും ഞങ്ങളിരിക്കുന്നിടത്ത് നിൽക്കുകയും ചെയ്തു. അയാൾ പറഞ്ഞു: സുറാക്കേ! ഞാൻ കടൽത്തീര ഭാഗത്ത് നിഴലുപോലെ എന്തോ കണ്ടു. അല്ലെങ്കിൽ അയാൾ പറഞ്ഞു: മൂന്നാളുകളുടെ ഒരു സംഘം പോകുന്നത് കണ്ടു. ആണെങ്കിലും അല്ലെങ്കിലും ഇത് മുഹ

മ്മദാണെന്ന് ഞാൻ വിചാരിക്കുന്നു. സുറാഖ ബിൻ മാലിക് പറയുന്നു:അതു മുഹമ്മദിന്റെ തന്നെ സംഘമായിരിക്കുമെന്ന് എനിക്കു മനസ്സിലായി. പക്ഷേ, എനിക്കു കിട്ടുന്ന സമ്മാനത്തിൽ മറ്റാരെങ്കിലും പങ്കാളിയാകുന്നത് ഞാനിഷ്ടപ്പെട്ടില്ല. അതുകൊണ്ടുഞാൻ ഉടൻ തന്നെ അവസരത്തിന്റെ ലാളിത്യം കൺട്രോൾ ചെയ്തു. ആ പറഞ്ഞ ആളോടു മിണ്ടാതിരിക്കാൻ കണ്ണുകൊണ്ട് സൂചിപ്പിച്ചു. എന്നിട്ട് ഞാൻ സ്വയം പറഞ്ഞു, അല്ല അല്ല. അതു മുഹമ്മദിന്റെ സംഘമാകാൻ തരമില്ല. പ്രത്യുത ആരെ കുറിച്ചാണോ താങ്കൾ പറയുന്നത് അവർ എന്റെ മുമ്പിലൂടെ ഇപ്പോൾ പോയവരാണ്. അവർ ഇന്ന ഗോത്രക്കാരാണ്. തങ്ങളുടെ കാണാതായ ഒട്ടകത്തെ തിരക്കി ഇറങ്ങിയവരാണ്. സുറാഖ പറയുന്നു: ഞാൻ കുറച്ചു നേരം ആ മജ്‌ലിസിൽ ഇരുന്നു. ആർക്കും സംശയമുണ്ടാകാതിരിക്കാൻ! പിന്നീട് എന്റെ ഒരു സേവകനോടു പറഞ്ഞു:എന്റെ വേഗമുള്ള ഇന്ന കുതിരയുമായി വന്ന് വീടിന്റെ പിന്നിൽ ഇന്ന സ്ഥലത്ത് നിൽക്കുക. എന്നെ കാത്തുനില്ക്കുക. കുറച്ചു നേരത്തിനുശേഷം അയാൾ അവിടെ എത്തി. വിവരിക്കുന്നു:ഞാൻ ശകുനം നോക്കി. പക്ഷേ, അത് യാത്രയ്ക്കു വിരുദ്ധമായാണ് കണ്ടത്. പക്ഷേ, ഞാൻ അത് വകവെച്ചില്ല. കുതിരയെ അടിച്ചുതെളിച്ച് യാത്രയായി. മുഹമ്മദു(സ)ന്റെ യാത്രാ സംഘമാണെന്ന് ഞാൻ മനസ്സിലാക്കിയതിന്റെ പിന്നാലെ പോകാൻ തുടങ്ങി. സുറാഖ പറയുന്നു: ഓരോ ഘട്ടവും തരണം ചെയ്ത് ഞാൻ പെട്ടെന്ന് ആ സംഘത്തിന്റെ അടുത്തെത്തി. അൽപം ദൂരമെ ഉണ്ടായിരുന്നുള്ളു. എന്റെ കുതിര സാധാരണ രീതിയിൽനിന്ന് വ്യതിചലിച്ച് വിറളിപിടിച്ചു. ഞാൻ അതിന്മേൽനിന്ന് താഴെ വീണു. ഞാനെഴുന്നേറ്റുനിന്ന് ശകുനം നോക്കി. അതു എന്റെ തീരുമാനത്തിന് വിരുദ്ധമായി കണ്ടു. എന്നാൽ, മുഹമ്മദിനെ(സ)തിരിച്ചുകൊണ്ടുപോകണമെന്നും നൂറു ഒട്ടകം കരസ്ഥമാക്കണമെന്നും ഞാൻ ആഗ്രഹിച്ചിരുന്നു. പിന്നീട് ഞാനെഴുന്നേറ്റു. കുതിരപ്പുറത്ത് യാത്ര തുടർന്നു. ഇപ്പോൾ ഞാൻ എത്രമാത്രം അടുത്തെത്തിയെന്നാൽ, മുഹമ്മദും അബൂബക്റുമാണതെന്ന് എനിക്കു വ്യക്തമായെന്നുമാത്രമല്ല മുഹമ്മദു എന്തോ വായിക്കുന്നതിന്റെ ശബ്ദവും എനിക്കു കേൾക്കാൻ കഴിഞ്ഞു. ഇത്രയുമായപ്പോൾ എന്റെ കുതിര വീണ്ടും വിറളിപ്പിടിച്ചു. അതിന്റെ കാലുകൾ മണ്ണിൽ പുതഞ്ഞു. അതിൽനിന്ന് ഞാൻ വീണു. പിന്നീട് ഞാൻ കുതിരയെ വഴക്കു പറഞ്ഞു. അത് എഴുന്നേറ്റുനിന്നു. കുതിരയ്ക്ക് അതിന്റെ കാല് മണ്ണിൽനിന്ന് ഊരിയെടുക്കാൻ കഴിയുമായിരുന്നില്ല. അവസാനം അത് നേരെ നിന്നപ്പോൾ അതിന്റെ രണ്ടുകാലുകളിൽനിന്നും പൂഴി പറന്ന് അന്തരീക്ഷം പുകപോലെ വ്യാപിച്ചു. കാലുകൾ എത്രമാത്രം മണ്ണിൽ പുതഞ്ഞുപോയിരുന്നുവെന്നാൽ മണ്ണിൽനിന്ന് അല്ലെങ്കിൽ പൂഴിയിൽനിന്ന് കാലുകൾ പുറത്തെടുക്കുമ്പോൾ പൊടി ഉയർന്നു. അപ്പോൾ ഞാൻ വീണ്ടും അമ്പുകൊണ്ട് ശകുനം നോക്കി. അപ്പോൾ ഞാൻ ഇഷ്ടപ്പെടാതിരുന്ന ഫലംതന്നെയാണ് വന്നത്. ഞാൻ അവിടെനിന്ന് അഭയത്തിന്റെ ശബ്ദമുയർത്തി. എന്നിൽനിന്ന് നിങ്ങൾക്ക് ഒരു നഷ്ടവുമുണ്ടാകുകയില്ലെന്ന് വിളിച്ചു പറഞ്ഞു. അപ്പോൾ നബി(സ) തിരുമേനി ഹദ്റത്ത് അബൂബക്റിനോടു പറഞ്ഞു: അയാളെന്താണ് ആഗ്രഹിക്കുന്നതെന്ന് ചോദിക്കുക! അയാൾ പറഞ്ഞു: ഞാൻ സുറാഖയാണ്. നിങ്ങളുമായി സംസാരിക്കാനാഗ്രഹിക്കുന്നു. അപ്പോൾ അവർ നിന്നു. സുറാഖ പറയാൻ തുടങ്ങി:മക്കക്കാർ മുഹമ്മദിനെ ജീവനോടെയോ അല്ലാതെയോ പിടിച്ചുകൊണ്ടുവരുന്നവർക്ക് 100 ഒട്ടകം സമ്മാനം പ്രഖ്യാപിച്ചിരിക്കുന്നു. ഞാൻ ആ അത്യാഗ്രഹത്താൽ നിങ്ങളെ പിന്തുടർന്നു വന്നതാണ്. പക്ഷേ, എന്തൊന്നാണോ എനിക്കു സംഭവിച്ചത് അതിൽനിന്ന് നിങ്ങളെ പിന്തുടരൽ ശരിയല്ലെന്ന ഉറച്ച തീരുമാനത്തിൽ ഞാൻ ഉറച്ചു നില്ക്കുന്നു. അയാൾ നബി(സ) തിരുമേനിയുടെ സന്നിധിയിൽ പാഥേയവും മറ്റും സമർപിക്കാൻ ഉദ്ദേശിച്ചെങ്കിലും നബി(സ) തിരുമേനി അത് സ്വീകരിച്ചില്ല. ഞങ്ങളെ കുറിച്ച് ആരോടും പറയരുതെന്ന് മാത്രം അയാളോടു പറഞ്ഞു. അയാൾ അത് വാഗ്ദാനം ചെയ്തു. അതിനോടൊപ്പം ഇങ്ങനെയും പറഞ്ഞു: 'അങ്ങ് ഒരുനാൾ രാജാധിപത്യം കരസ്ഥമാക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ആ നേരത്ത് ഞാൻ അങ്ങയുടെ സന്നിധിയിൽ ഹാജരാകുമ്പോൾ എന്നോടു ആദരവോടെ പെരുമാറുമെന്ന് അങ്ങ് എനിക്കെഴുതിത്തന്നാലും.'ചില നിവേദനങ്ങളനുസരിച്ച് തനിക്ക് അഭയംനല്കുമെന്ന് എഴുതിത്തരാൻ അപേക്ഷിച്ചിരുന്നു. അങ്ങനെ നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ച് ഹദ്റത്ത് അബൂബക്ർ(റ) ഒരു നിവേദനമനുസരിച്ച് ആമിർ ബിൻ ഫുഹയ്റ അത് എഴുതി നല്കി. അയാൾ ആ എഴുത്തുമായി തിരിച്ചുപോയി. *(സ്വഹീഹുൽബുഖാരി, കിതാബുൽമനാഖിബ്, ബാബു ഹിജ്റത്തുന്നബിയ്യി(സ) വ അസ്ഹാബിഹീ ഇലൽ മദീനത്തി ഹദീഥ് നമ്പർ 3906) (സുബുലുൽഹുദാ വർറശാദ് വാള്യം 3, പേജ് 248, ഖിസ്സത്ത് സുറാഖ, പ്രാസധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993) (മുഹമ്മദു റസൂലുല്ലാഹ് വല്ലദീന മഅഹൂ, അബ്ദുൽഹമീദ് ജോദ അസ്സിഹാർ, വാള്യം 3, പേജ് 64-65, പ്രസാധകർ മിസ്ർ)*

ഈ വിവരണം ഇൻശാ അല്ലാഹ് ഇനിയും തുടരുന്നതാണ്. നാളെ ഇൻശാ അല്ലാഹ് പുതുവർഷവും ആരംഭിക്കുകയാണ്.

അല്ലാഹു വരാൻപോകുന്ന വർഷത്തെ ജമാഅത്തംഗങ്ങൾക്കും ജമാഅത്തിനും എല്ലാ വിധത്തിലും അനുഗൃഹീതമാക്കുമാറാകട്ടെ. എല്ലാ തരത്തിലുള്ള ശർറുകളിൽനിന്നും ജമാഅത്തിനെ സുരക്ഷിതമാക്കി വെക്കുമാറാകട്ടെ. ജമാഅത്തിന്നെതിരിലുള്ള ശത്രുക്കളുടെ ഗൂഢപദ്ധതികളും ഉന്മൂലനം ചെയ്യുമാറാകട്ടെ. അല്ലാഹു മസീഹ് മൗഊദ്(അ)നോടു ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ നമ്മുടെ ജീവിതത്തിൽ നമുക്കും കാണുന്നതിന് തൗഫീഖ് നല്കുമാറാകട്ടെ. നമുക്ക് അല്ലാഹു ഈ ദൃശ്യങ്ങളും കാണിച്ചുതരുമാറാകട്ടെ. അതിനാൽ ഒരുപാട് ദുആകൾ ചെയ്തുകൊണ്ടിരിക്കുക.

പുതുവർഷത്തിൽ ദുആകളോടുകൂടി പ്രവേശിക്കുക. തഹജ്ജുദിനുള്ള ഏർപാടുകളും ചെയ്യുക. ചില മസ്ജിദുകളിൽ നടന്നുവരുന്നുണ്ട്. ഇല്ലാത്ത സ്ഥലങ്ങളിലും ഏർപാടു ചെയ്യേണ്ടതാണ്.സമൂഹപരമായിട്ടില്ലെങ്കിൽ വ്യക്തിപരമായി വീടുകളിലും തഹജ്ജുദ് നമസ്കാരം തീർച്ചയായും പ്രത്യേകമായ നിലയിൽ അനുഷ്ഠിക്കേണ്ടതാണ്. ഒന്നാമതായി ഇത് സ്ഥിരമായ ശീലമായിരിക്കേണ്ടതാണ്. എന്നാൽ, നാളെമുതൽ ഇത് അനുഷ്ഠിക്കാൻ അല്ലെങ്കിൽ ഇന്നു രാത്രിമുതൽ ഇത് അനുഷ്ഠിക്കാൻ ശ്രമിക്കുമ്പോൾ ജീവിതത്തിന്റെ ഭാഗമാകും വിധമാക്കിത്തീർക്കുക. അല്ലാഹു എല്ലാവർക്കും ഇതിനു തൗഫീഖ് നില്കുമാറാകട്ടെ.

സ്വലാത്തും ഇസ്തിഗ്ഫാറും ചെയ്യുന്നതിനു പുറമെ ഈ ദുആകളും ധാരാളമായി ചെയ്യുക. **റബ്ബനാ ലാ തുസിഗ് ഖുലൂബനാ ബഅ്ദ ഇദ് ഹദയ്ത്തനാ വ ഹബ്‌ലനാ മിൻല്ലദുൻക റഹ്മത്തൻ ഇന്നക്ക അൻതൽവഹ്ഹാബ്** ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ നേർവഴിയിലാക്കിയതിനു ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ. നീ ഞങ്ങൾക്ക് നിന്റെ അടുക്കൽനിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ (അനുഗ്രഹ)ദാതാവ്. (3:9)

പിന്നെ ഈ ദുആകളും ചെയ്യുക. **റബ്ബനഗ്ഫിർലനാ ദുനൂബനാ വ ഇസ്റാഫനാ ഫീ അംരിനാ വ ഥബ്ബിത്ത് അഖ്ദാമനാ വൻസ്വുർനാ അലൽഖൗമിൽ കാഫിരീൻ** ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്കു പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുയും ചെയ്യേണമേ. (3:148) അല്ലാഹു എല്ലാ അഹ്മദികൾക്കും ഇതിനു തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ചില ഗാഇബ് ജനാസയും നമസ്കരിപ്പിക്കുന്നതാണ്. ഇപ്പോൾ അവരെ അനുസ്മരിക്കാനും ആഗ്രഹിക്കുകയാണ്. ആദ്യത്തെ അനുസ്മരണം മലിക് ഫാറൂഖ് അഹ്മദ് ഘോഘർ സാഹിബിന്റേതാണ്. ഇദ്ദേഹം മുൽത്താൻ ജില്ല അമീറായിട്ടുണ്ട്. ഡിസംബർ 18 ന് 80-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി രാജിഊൻ. മലിക് ഉമർ അലി ഘോഘർ സാഹിബായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. അദ്ദേഹം മുൽത്താൻ റഈസ് എന്ന് പറയപ്പെട്ടിരുന്നു. സയ്യിദ നുസ്റത്ത് ജഹാൻ ബീഗം സാഹിബയായിരുന്നു മാതാവ്. 'സയ്യിദ ബീഗം' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ മകളായിരുന്നു. ഹദ്റത്ത് മലിക് ഉമർ അലി സാഹിബ് തന്റെ യുവത്വകാലത്ത് അഹ്മദിയ്യത്ത് സ്വീകരിച്ചു. ഹദ്റത്ത് ഖലീഫ ഥാനിയുടെ കാലത്ത് ഖാദിയാനിൽവന്ന് അദ്ദേഹം ബയ്അത്തു ചെയ്യാനുള്ള ഭാഗ്യം കരസ്ഥമാക്കി. മലിക് ഉമർ അലി സാഹിബ് പെട്ടെന്നാണ് മരിച്ചത്. ആ നേരത്ത് മലിക് ഫാറൂഖ് അഹ്മദ് സാഹിബിന് ഏകദേശം 20, 22 വയസ്സായിരുന്നു. യുവാവായിരുന്നു. മലിക് സാഹിബിന് സ്ഥലങ്ങളുള്ളതിനു പുറമെ കറാച്ചിയിൽ കുറച്ച് വ്യാപാരങ്ങളുമുണ്ടായിരുന്നു. അത് അദ്ദേഹം വളരെ നല്ല നിലയിൽ നോക്കി. തന്റെ മാതാവിനേയും-രണ്ടുമാതാവുണ്ടായിരുന്നു-സഹോദരി സഹോദരന്മാരേയും പോറ്റിവളർത്തി. മലിക് ഫാറൂഖ് അഹ്മദ് ഘോഘർ സാഹിബ് ദീർഘകാലം മുൽത്താൻ ജില്ല ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ആയും പിന്നീട് മുൽത്താൻ പ്രാദേശിക ഖാഇദ് എന്ന നിലയിലും പ്രവൃത്തിച്ചുകൊണ്ടിരുന്നു. 1980 മുതൽ 1985വരെ മുൽത്താൻ ജില്ല അമീർ എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖു കിട്ടി. ഇക്കാലത്ത് അദ്ദേഹത്തിന് മുൽത്താൻ നഗരത്തിന്റെ അമീറായി പ്രവർത്തിക്കാനും തൗഫീഖ് കിട്ടി. അദ്ദേഹത്തിന്റെ വിവാഹം 1968-ൽ ഹദ്റത്ത് മിർസാ അസീസ് അഹ്മദ് സാഹിബിന്റെ

മകൾ ദർദാന സാഹിബയുമായി നടന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥാണ് നിക്കാഹ് ഖുത്ബ നിർവഹിച്ചത്. അല്ലാഹു അദ്ദേഹത്തിന് ഒരു മകനേയും അഞ്ചു പെൺമക്കളേയും നല്കി അനുഗ്രഹിച്ചു.

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: വളരെ സ്നേഹിക്കുന്നയാളും നോക്കുന്നയാളുമായിരുന്നു. ചെറിയ ചെറിയ കാര്യങ്ങൾപോലും ശ്രദ്ധിക്കുമായിരുന്നു. പതിവായി തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. എന്നേയും തഹജ്ജുദ് നമസ്കരിക്കാൻ നിത്യവും ഉണർത്തുമായിരുന്നു. വഫാത്തായ ദിവസം രാത്രിയിലും നഫ്ൽ നമസ്കരിച്ചു. പിന്നീട് ഉറങ്ങി. എപ്പോഴും വുളുവോടുകൂടി ഇരിക്കാൻ ശ്രമിക്കാറുണ്ടായിരുന്നു. പറയുന്നു, അദ്ദേഹം ജമാഅത്തിന്റെ അമീർ അല്ലാതിരുന്നപ്പോൾ, ഏതെങ്കിലും അഹ്മദിയുടെ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ, ഏതെങ്കിലും നേരത്ത് എന്തെങ്കിലും ചെയ്തുകൊടുക്കണമെങ്കിൽ അല്ലെങ്കിൽ അയാളുടെ ഫോൺ വന്നാൽ ക്ഷണത്തിൽ അതു ചെയ്തുകൊടുക്കാൻ തയ്യാറാകുമായിരുന്നു. ഭാര്യ പറയുന്നു: ജമാഅത്തിന്റെ അമീറായപ്പോൾ ഏതു സമയത്തും ഭക്ഷണത്തിന്റേയും ചായയുടേയും സംവിധാനത്തിനുള്ള ഏർപാട് വീട്ടിലുണ്ടായിരിക്കണമെന്നതായിരുന്നു എനിക്കുള്ള കല്പന. ഏതു സമയത്തും ഏതെങ്കിലും അതിഥി വരാവുന്നതാണ്. അവർ പറയുന്നു: എന്റെ വീട്ടിൽ അതിഥികൾ വരാത്ത ദിവസം എനിക്കോർമയില്ല. അല്ലെങ്കിൽ ആരെങ്കിലും സ്ഥിരമായി വന്ന് നില്ക്കാത്തത്! ചില മുറബ്ബികളേയും വീട്ടിൽ താമസിപ്പിച്ചിരുന്നു. വീട് എപ്പോഴും ഓഫീസായിട്ടുണ്ടാകുമായിരുന്നു. വിശാല ഹൃദയനും ഹൃദയങ്ഗമമായി സ്നേഹിക്കുന്നയാളുമായിരുന്നു. അനഹ്മദികളായ എല്ലാ ബന്ധുക്കളും എന്നല്ല മുഴുവന് ഘോഘർ കുടുംബവും അദ്ദേഹത്തെ വളരെയധികം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. സ്നേഹിച്ചിരുന്നു. അദ്ദേഹം അവരെ നല്ലവണ്ണം നോക്കി. ദൈവാനുഗ്രഹത്താൽ വിശുദ്ധ ഖുർആൻ പാരായണം വളരെ നല്ലതായിരുന്നു. അവർ പറയുന്നു: ഞാൻ ഖുർആൻ പാരായണം ചെയ്യുമ്പോൾ ഖുർആൻ മജീദ് തുറക്കാതെ തന്നെ എന്റെ തെറ്റുകൾ തിരുത്തുമായിരുന്നു.

അദ്ദേഹത്തിന്റെ മകൻ ത്വൽഹ പറയുന്നു: തന്റെ രണ്ടു മാതാക്കളേയും ഒരുപാട് ശ്രദ്ധിച്ചിരുന്നു. ഒരു വ്യത്യാസവും ചെയ്തില്ല. തന്റെ എല്ലാ സഹോദരിമാരുടേയും സഹോദരന്മാരുടേയും വിവാഹങ്ങൾ നടത്തിയതും അദ്ദേഹം തന്നെയായിരുന്നു. അദ്ദേഹത്തിന്റെ വീട് എപ്പോഴും അദ്ദേഹത്തിന്റെ ഹൃദയംപോലെ തന്നെ എല്ലാവർക്കും വേണ്ടി തുറന്നിരുന്നു. പ്രത്യേകിച്ചും ജമാഅത്തിന്റെ വാഖ്ഫീനു വേണ്ടി! അദ്ദേഹത്തിന്റെ ഒരു വീട് മെരിയിലെ ഖയ്റൻഗലിയിലുണ്ടായിരുന്നു. അത് നിർമിച്ചതുതന്നെ ജമാഅത്തിനുവേണ്ടിയായിരുന്നുവെന്ന് പറയാറുണ്ടായിരുന്നു. അവിടെ ആരെങ്കിലും പോയി തമാസിക്കാൻ ആഗ്രഹിച്ചാൽ ഒരിക്കലും നിഷേധിക്കുമായിരുന്നില്ല. ഇദ്ദേഹം പറയുന്നു: 1984-ലെ സർക്കാർ ഓർഡിനൻസിനുശേഷം പരിക്ഷണ കാലത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ തന്റെ ധൈര്യപൂർവ്വമായ ുല്യഖീമഹശ്യ കൊണ്ട് മുൽത്താൻ ജില്ലയിലേയും നഗരത്തിലേയും സകല കൂട്ടുകാർക്കും എപ്പോഴും ധൈര്യം പകർന്നുകൊണ്ടിരുന്നു. ക്ഷീണിതരാകാൻ അവരെ വിട്ടില്ല. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ ഹിജ്റത്ത് യാത്രയിൽ ദൈവാനുഗ്രഹത്താൽ പങ്കെടുക്കാൻ തൗഫീഖു കിട്ടി. ഒരു സ്ഥലത്ത്, ഒരു അവസരത്തിൽ അദ്ദേഹം സംഘത്തെ നയിക്കുകയും ചെയ്തു. ശരിയായ വഴി ഗൈഡു ചെയ്തു. അദ്ദേഹത്തിന്റെ മകൻ എഴുതുന്നു:അബ്ബായുടെ ഇമാറത്ത് കാലഘട്ടത്തിൽ ഞങ്ങളുടെ വീട് വീടിനെക്കാളുപരി ഓഫീസാകുമായിരുന്നു. നല്ല വർണാഭമാകുമായിരുന്നു. സ്ഥലങ്ങളുടെ നോക്കിനടത്തിപ്പ് തന്റെ ചെറിയ സഹോദരനെ ഏല്പിച്ചു. തന്റെ മുഴുവൻ സമയവും ദീനിനുവേണ്ടി വഖ്ഫു ചെയ്തു. എല്ലാ ഓരോരുത്തരും ഒരു മടിയുംകൂടാതെ വരുമായിരുന്നു. ഒരു ജാഡയുമില്ലാത്ത പ്രകൃതിയായിരുന്നു. അനഹ്മദി ബന്ധുക്കളേയും സാമ്പത്തികമായി സഹായിക്കുമായിരുന്നു. പറയുന്നു, ഇദ്ദേഹത്തിന്റെ ജനാസയിൽ ഞങ്ങളുടെ കുറച്ചു ബന്ധുക്കൾ വന്നപ്പോൾ കരഞ്ഞുകൊണ്ടു ‘ഇന്ന് തങ്ങൾ ആരോരുമില്ലാത്തവരായിരിക്കുന്നു’ വെന്ന് പറഞ്ഞു. കാരണം അവരെ സഹായിക്കാറുണ്ടായിരുന്നു. പറയുന്നു: എപ്പോഴും ഞങ്ങളെ നമസ്കരിക്കാൻ ഉപദേശിക്കുമായിരുന്നു. പ്രത്യേകിച്ചും സ്വുബ്ഹി നമസ്കാരത്തിന്. അദ്ദേഹത്തിന്റ ചെറിയ മകൾ ഫാഇസ പറയുന്നു:അബ്ബായുടെ അല്ലാഹുവിലുള്ള തവക്കുൽ ഞങ്ങൾക്കൊരു മാതൃകയായിരുന്നു. എല്ലാതരത്തിലുള്ള കാലവും കണ്ടു. യുവത്വത്തിൽ യത്തീമായി.എല്ലാത്തരം അവസ്ഥകളും കണ്ടു. വിഷമവും ദുഃഖവും. എന്നാൽ ഞാനെന്റെ കുട്ടിക്കാലത്ത് കണ്ടു, അബ്ബാ അല്ലാഹുവിലുള്ള തവക്കുൽ പരസ്യമായി പ്രകടിപ്പിച്ചു. തന്റെ എല്ലാ ജോലിയും അല്ലാഹു സ്വയമാണ് ചെയ്യുന്നതെന്ന് എപ്പോഴും പറയുമായിരുന്നു. മകൾ പറയുന്നു:അബ്ബായ്ക്ക് ഖിലാഫത്തിനോടു അതിരറ്റ സ്നേഹമായിരുന്നു. ഖിലാഫത്തിനെ കുറിച്ച് പറയുമ്പോൾ കരയുമായിരുന്നു. ഒരു പരീക്ഷണവും അദ്ദേഹത്തിനുണ്ടായി. അതും അദ്ദേഹം വലിയ ക്ഷമയോടും ദുആകളോടും കൂടി തരണം ചെയ്തു.

അദ്ദേഹത്തിന്റെ ചെറിയ സഹോദരൻ മലിക് ത്വാരിഖ് അലി ഘോഘർ-രണ്ടാമത്തെ ഭാര്യയിലെ മകനാണ്-പറയുന്നു: എന്റെ പിതാവ് മരിക്കുമ്പോൾ എനിക്ക് 9 വയസ്സായിരുന്നു. എന്റെ മൂത്ത സഹോദരൻ മലിക് ഫാറൂഖ് 22 വയസ്സുള്ള യുവാവയിരുന്നു. പക്ഷേ, അദ്ദേഹം ഞങ്ങളെ പിതാവിനെപ്പോലെ നോക്കി. എന്റെ ജീവിതത്തിലൊരിക്കലും എനിക്ക് പിതാവില്ലല്ലോ എന്ന ചിന്ത ഉണ്ടായിട്ടില്ല. പിന്നീട് എഴുതുന്നു: അനഹ്മദി ബന്ധുക്കളുടെമേൽ അദ്ദേഹത്തെ കുറിച്ച് ആദരയുക്തമായ പ്രത്യേക ഭയമുണ്ടായിരുന്നു. അവരെ അദ്ദേഹം ഒരുപാട് ശ്രദ്ധിക്കുകയും ചെയ്തിരുന്നു. നിരവധി അഹ്മദി കുടുംബങ്ങ ചുമതല വഹിച്ചിരുന്നു. ധാരാളം കുട്ടികൾക്ക് വിദ്യഭ്യാസം നല്കി തൊഴിൽനേടിക്കൊടുത്തു. വീണ്ടും പറയുന്നു: എന്റെ സഹോദരൻ ആവശ്യക്കാർക്ക് കടവും നല്കുമായിരുന്നു. ഒരിക്കലും തിരിച്ചു ചോദിച്ചിരുന്നില്ല. എപ്പോഴും ‘നല്ലകടം’ എന്ന നിലയിലായിരുന്നു നല്കിയിരുന്നത്.

ധാരാളം നവഅഹ്മദികൾ പറയുന്നു: ഞങ്ങൾ അഹ് മദിയ്യത്തിൽ പ്രവേശിച്ചതിനുശേഷം മലിക് ഫാറൂഖ് അഹ് മദ് ഘോഘർ സാഹിബ് സ്വന്തക്കാരെപ്പോലെ നോക്കി ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിയിരുന്നു. 80 വയസ്സായിരുന്നു. പക്ഷേ, കഴിഞ്ഞ രണ്ടുവർഷമായി, പറയുന്നു, അദ്ദേഹത്തിനു തന്റെ ജാഇദാദിന്റെ വിഹിതം അടയ്ക്കണമെന്ന ചിന്തയായിരുന്നു. അധികവും അടച്ചിരുന്നു. കുറച്ചു ബാക്കിയുണ്ടായിരുന്നു. അല്ലാഹു ബാക്കി അടച്ചു തീർക്കാൻ മക്കൾക്ക് തൗഫീഖ് നല്കുമാറാകട്ടെ.

അദ്ദേഹത്തിന്റെ സഹോദരി ത്വാഹിറ പറയുന്നു: ഇവരും രണ്ടാമത്തെ ഭാര്യയിൽനിന്നുള്ളവരാണ്. എന്റെ സഹോദരൻ എപ്പോഴും എന്നോടു വാത്സല്യനിധിയായ ഒരു പിതാവിനെപ്പോലെയാണ് പെരുമാറിയത്. ഏറ്റവും വലിയ ഗുണമെന്തായിരുന്നെന്നാൽ അദ്ദേഹം ഒരിക്കലും ഒന്നാമത്തെ രണ്ടാമത്തെ എന്ന നിലയിൽ കണ്ടിരുന്നില്ലെന്നതാണ്. എല്ലാ സഹോദരിസഹോദരന്മാരോടും ഒരേ രീതിയിൽ പെരുമാറി. രണ്ടുമാതാവിനോടും സമമായി പെരുമാറി. ഞങ്ങളുടെ മാതാവ് വേറെയാണെന്ന് തോന്നാൻ ഒരിക്കലും ഞങ്ങൾക്കു ഇടനല്കിയിട്ടില്ല. വീണ്ടും ഇവർ പറയുന്നു: അദ്ദേഹം യഥാർഥത്തിൽ എന്റെ പിതാവിന്റെ സ്ഥാനത്തായിരുന്നു. എപ്രകാരം നിശബ്ദനായി ഒരു പിതാവ് തന്റെ മകളുടെ ദുഃഖത്തിലും സുഖത്തിലും പ്രയോജനപ്പെടുന്നുവോ തികച്ചും അതുപോലെതന്നെയായിരുന്നു ഞാനുമായുള്ള ബന്ധം. അദ്ദേഹത്തിന്റെ മകൾ നമൂദെസഹ്ർ പറയുന്നു:കുറച്ചു കാര്യങ്ങൾ പിതാവിന്റെ ജീവിതത്തിൽ വളരെ വ്യക്തമായിരുന്നു. ആവർത്തിച്ച് അത് ഓർമവരുന്നു. അതിൽ ഏറ്റവുമധികം അദ്ദേഹത്തിന്റെ അതിഥി സൽക്കാരരമാണ്. ജനങ്ങളുമായുള്ള സ്നേഹബന്ധമാണ്. വീണ്ടും പറയുന്നു:അതിഥിസൽക്കാരത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ വീട്ടിൽ ഭക്ഷണം പാകമായാൽ അതിഥികൾ വരും. ഭക്ഷണത്തിന് വീട്ടുകാർ ഇരിക്കുന്നു. പക്ഷേ, അതേ ഭക്ഷണം വെളിയിൽ അതിഥിക്കുവേണ്ടി പോകുന്നു. വീട്ടുകാർ പിന്നീട് മുട്ട പൊരിച്ച് കഴിച്ചുകൂട്ടുന്നു. വീണ്ടും പറയുന്നു: ധാരാളം തെറ്റുകൾ ജീവിതത്തിൽ ഉണ്ടാകാറുണ്ട്. മനുഷ്യനിൽനിന്ന് ഉച്ചനീചിതയും ഉണ്ടാകുന്നു. ഇക്കാരണത്താൽ ചില പരീക്ഷണങ്ങളിലൂടേയും അദ്ദേഹത്തിന് കടന്നുപോകേണ്ടി വന്നിട്ടുണ്ട്. പക്ഷേ, ഒരിക്കലും കാലത്തിന്റെ ഖലീഫയിൽനിന്ന് തെറ്റായ വിധിവന്നു എന്ന് ഞങ്ങൾക്കു തോന്നും വിധം ഖിലാഫത്തിനെ കുറിച്ച് അദ്ദേഹം ഒരു കാര്യവും പറഞ്ഞിട്ടില്ല. എപ്പോഴും ഞങ്ങളുടെ വീട്ടിൽ ഖുത്ബ കേൾക്കുന്നതിനും ജമാഅത്തുമായി ബന്ധം വെക്കുന്നതിനും പ്രത്യേകമായ ഏർപാടു ഉണ്ടാകുമായിരുന്നു.’ അല്ലാഹു അദ്ദേഹത്തോടു പൊറുക്കലോടും കാരുണ്യത്തോടു പെരുമാറട്ടെ. അദ്ദേഹത്തിന്റെ മക്കൾക്ക് ക്ഷമയും ധൈര്യവും നല്കുമാറാകട്ടെ. നന്മകളിൽ വളരാൻ തൗഫീഖ് നല്കുമാറാകട്ടെ.

അടുത്ത സ്മരണ റഹ്മത്തുല്ലാഹ് സാഹിബിന്റേതാണ്. ഇദ്ദേഹം ഇന്തൊനേഷ്യക്കാരനാണ്. 66-ാം വയസ്സിലാണ് വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. കിഴക്കൻ ജാവയിലാണ് അദ്ദേഹം ജനിച്ചത്. 1980-ൽ ഇന്തൊനേഷ്യൻ ജമാഅത്തിന്റെ മുൻ റഈസുത്തബ്ലീഗ് സുയൂത്വി അസീസ് അഹ്മദ് സാഹിബു മുഖേന ബയ്അത്തു ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. 1993-ൽ വസ്വിയ്യത്ത് വ്യവസ്ഥിതിയിൽ ചേർന്നു. കറങ്ടെൻഗ(KarangTengah) ജമാഅത്താണ് അവി

ടെ. തന്റെ മരണംവരെ അദ്ദേഹത്തിന് Karang Tengah ജമാഅത്തിൽ സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കുപുറമെ മൂന്നു കുട്ടികളും ആറു ദൗഹിത്രികളുമുണ്ട്.

അദ്ദേഹത്തിന്റെ ഭാര്യ എഴുതി: പരേതൻ ഒരു സ്വപ്നം കണ്ടിരുന്നു. അതിൽ അദ്ദേഹം തന്നെ ജനക്കൂട്ടത്തിന്നിടയിൽ വരികളിൽനിൽക്കുന്നതായി കണ്ടു. അദ്ദേഹം സ്വപ്നത്തിൽ ആരോടോ ചോദിച്ചു: ഏതു വരിയിലാണ് ചേരേണ്ടത്. ആരോ ഒരു വരിയുടെ നേർക്ക് ചൂണ്ടിക്കാണിച്ചു. അതിൽ പരിശുദ്ധനായ ഒരാളുണ്ടായിരുന്നു. പരേതൻ ആ പരിശുദ്ധനായ ആളെ തിരിച്ചറിഞ്ഞില്ല. കുറച്ചു കാലത്തിനു ശേഷം താൻ സ്വപ്നത്തിൽ കണ്ടത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെയാണെന്ന് അദ്ദേഹത്തിന് മനസ്സിലായി. ഇക്കാരണത്താലാണ് പരേതൻ ജമാഅത്തിന്റെ വിശ്വാസിയായത്. പിന്നീട് ബയ്അത്ത് ചെയ്യുകയും ചെയ്തു.

അദ്ദേഹത്തിന്റെ മകൾ എഴുതി: പരേതൻ ബയ്അത്തിനുശേഷം തദ്ദേശ ജമാഅത്തിനു പുറമെ ലോക്കൽ മജ്‌ലിസ് അൻസ്വാറുല്ലായിലും സേവനം ചെയ്തുകൊണ്ടിരുന്നു. ശത്രുക്കളുടെ ഭാഗത്തുനിന്ന് ജമാഅത്തിന് ആക്രമണവും ഭീഷണിയും കിട്ടിയിരുന്നു. അപ്പോൾ പരേതൻ ജമാഅത്തിന്റെ ഭാഗത്തുനിന്ന് ചെറുത്തു നിന്നിരുന്നു. വലിയ ധർമ്മിഷ്ഠനായിരുന്നു. ആരെങ്കിലും സഹായം ചോദിച്ചു വരുകയോ കടം ചോദിച്ചു വരുകയോ ചെയ്താൽ എപ്പോഴും അയാളെ സഹായിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മൂന്നാമത്തെ മകളെഴുതി:ഖിലാഫത്തിനോടു അതിരറ്റ സ്നേഹം പുലർത്തുന്നയാളായിരുന്നു. അനുസരണശാലിയായിരുന്നു.

അമീർ ഇന്തൊനേഷ്യാ അബ്ദുൽബാസിത് സാഹിബ് എഴുതുന്നു: 'ഖിലാഫത്തിനോടും ജമാഅത്തിനോടും അങ്ങേയറ്റം സ്നേഹം വെച്ചു പുലർത്തുന്ന ആളായിരുന്നു. പറയുന്നു: അവിടെ പശ്ചിമ ജാവയിലെ ഒരു നഗരത്തിൽ ഒരു ജമാഅത്തുണ്ട്. അവിടെ കുറച്ചു പ്രാവശ്യം ജമാഅത്തിന്റെ എതിരാളികൾ നമ്മുടെ മസ്ജിദിൽ ആക്രമണം നടത്തി. തദ്ദേശ ഭരണത്തോടു ജമാഅത്തിന്റെമേൽ നിയന്ത്രണം ഏർപെടുത്താൻ പറഞ്ഞു. ആ അവസരത്തിൽ റഹ്മത്തുല്ലാഹ് സാഹിബ് വലിയ ധൈര്യത്തോടെ എതിരാളികളേയും തദ്ദേശ ഭരണത്തേയും നേരിട്ടു. അവരുടെ ആക്ഷേപങ്ങൾക്ക് മറുപടി കൊടുത്തുകൊണ്ടിരുന്നു. പരേതന്റെ ശ്രമഫലമായി അവിടെ ഇതുവരെ ജമാഅത്ത് നിലവിലുണ്ട്. ഒരു നിയന്ത്രണവും ഏർപ്പെടുത്തിയില്ല. അല്ലാഹു അദ്ദേഹത്തോടു പൊറുക്കലോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

അടുത്ത അനുസ്മരണം അൽഹാജ് അബ്ദുൽ ഹമീദ് ടാക് സാഹിബ് യാഡിപൂരാ, കശ്മീരിന്റേതാണ്. ഡിസംബർ 24 ന് 94-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹുവിന്റെ കൃപയാൽ മൂസിയായിരുന്നു. മുഹമ്മദ് അക്റം ടാക് സാഹിബ് യാഡിപൂരായുടെ മകനായിരുന്നു. അദ്ദേഹം ഈ പ്രദേശത്തെ ആദ്യകാല അഹ്മദികളിൽപ്പെട്ടയാളായിരുന്നു. പരേതൻ വളരെ സാത്വികനും ശാന്തപ്രകൃതനും എല്ലാവർക്കും പ്രിയങ്കരനും മിതഭാഷിയും ആയിരുന്നു. ദീർഘകാലം ജമാഅത്തിന് സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ജമ്മു&കശ്മീർ സംസ്ഥാന അമീറിനു പുറമെ ജില്ല അമീർ, നാളിം അൻസ്വാറുല്ലാഹ് എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചു. തദ്ദേശ ജമാഅത്തിൽ തദ്ദേശ തസ്തികകളിലും സേവനം ചെയ്തുകൊണ്ടിരുന്നു. വർഷങ്ങളോളം അഞ്ചുമൻ തഹ്‌രീക്കെ ജദീദ് ഭാരതിന്റെ 'ഇഅ്സാസി മെമ്പറും'അംഗവുമായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് സംസ്ഥാന ഇമാറത്തിന്റെ കാലത്ത് 1987-ൽ കശ്മീർ താഴ്‌വരയിൽ ജമാഅത്തിന്റെ അഞ്ചു സ്കൂളുകൾ നിലവിൽവന്നു. പല മസ്ജിദുകളും മിഷൻഹൗസുകളും നിർമിക്കാൻ അദ്ദേഹം കഠിനപ്രയത്നം ചെയ്തു. യുവാക്കളുടെ ജ്ഞാനപരമായ കഴിവുകൾ അഭിവൃദ്ധിപ്പെടുത്താൻ ഒരുപാടു പരിശ്രമിച്ചു. ഈ ജോലിയിൽ എപ്പോഴും മുൻപന്തിയിലുണ്ടാകുമായിരുന്നു. യാഡീപൂര പ്രദേശത്ത് അദ്ദേഹത്തിന്റെ സാമൂഹികമായ സേവനങ്ങൾ കാരണത്താൽ ആളുകളിൽ അദ്ദേഹത്തിന് വലിയ ആദരവുണ്ടായിരുന്നു. അല്ലാഹു അദ്ദേഹത്തോടു പൊറുക്കലോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ അടുത്ത തലമുറയേയും നല്ലവരും സാത്വികരുമാക്കട്ടെ. സേവനം ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ.

പേജ് 1 ൽ നിന്ന്

മുഴുലോകത്തും തൽസമയ സംപ്രേഷണം ചെയ്യപ്പെട്ട ആ നേരത്ത് ഒരു ആഗോളജൽസയുടെ പ്രതീതി ജനിപ്പിച്ചിരുന്നു. അമീറുൽമുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്വ്‌രിഹിൽ അസീസ് ഇന്ത്യൻ സമയം വൈകുന്നേരം 4 മണിക്ക് ഇസ്‌ലാമാബാദ്(ലണ്ടൻ)അയ്‌വാനെ മസ്റൂറിൽ ആഗതരായി. അമീറുൽമുഅ്മിനീൻ ജൽസയിൽ പങ്കെടുത്ത എല്ലാവർക്കും അസ്സലാമുഅലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു പറഞ്ഞു. സമ്മേളനത്തിന്റെ ഔദ്യോഗികമായ ഉൽഘാടനം വിശുദ്ധ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. മഹ്മൂദ് അഹ്മദ് ദർദി സാഹിബിനാണ് വിശുദ്ധ ഖുർആൻ പാരായണം ചെയ്യാൻ ഭാഗ്യമുണ്ടായത്. അദ്ദേഹം ആലുഇറാൻ എന്ന അധ്യായത്തിലെ 20 മുതൽ 23വരെയുള്ള വചനങ്ങൾ പാരായണം ചെയ്യുകയും അതിന്റെ തർജമ കേൾപ്പിക്കുകയും ചെയ്തു. അതിനുശേഷം ഉമർ ശരീഫ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ,

**ഇസ്‌ലാം സെ ന ഭാഗോ രാഹെ ഹുദാ യഹി ഹെ**
**ഏ സോനെവാലോ ജാഗോ ശംസുസ്സുഹാ യഹീ ഹെ**

എന്ന പദ്യത്തിലെ ഏതാനും വരികൾ മനോഹരമായ ഈണത്തിൽ ആലപിച്ചു.

ഏകദേശം 4.15 ന് ഖാദിയാനിൽനിന്നും യു.കെയിൽനിന്നും അത്യുച്ചത്തിലുള്ള മുദ്രാവാക്യങ്ങളും തക്ബീർ ധ്വനികളുംകൊണ്ട് അന്തരീക്ഷം മുഖരിതമാകുകയും അതിനുശേഷം അമീറുൽമുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്വ്‌രിഹിൽ അസീസ് തന്റെ പ്രസംഗത്തിന് തുടക്കം കുറിക്കുകയും ചെയ്തപ്പോൾ ജൽസാസാലാന ഖാദിയാനിന്റെ ആ അനുഗൃഹീത നിമിഷം വന്നെത്തി. തശഹ്ഹുദും തഅവ്വുദും സൂറഫാത്തിഹ തിലാവത്തിനും ശേഷം ഹുദൂർ പറഞ്ഞു:

■ ഇന്ന് ഖാദിയാനിലെ ജൽസസാലാനയുടെ സമാപന സെഷനാണ്. ഇപ്രകാരം ആഫ്രിക്കൻ രാജ്യമായ ഗിനി-ബിസോ(GuineaBissau)യിലും ജൽസ നടന്നുകൊണ്ടിരിക്കുകയാണ്. തങ്ങളേയും ഉൾപ്പെടുത്തണമെന്ന് അവരും അപേക്ഷിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജൽസ നടന്നുകൊണ്ടിരിക്കുന്നതും നടക്കാനിരിക്കുന്നതുമായ വേറേയും രാജ്യങ്ങളുണ്ട്. എന്തായാലും ഖാദിയാനിന്റെ ജൽസയോടൊപ്പം അവരുടെ ജൽസയും നടക്കുന്നതുകൊണ്ടാണ് അവരെ കുറിച്ച് പറഞ്ഞത്.

■ ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:'ഇസ്‌ലാമിന്റെ അധ്യാപനം അതിന്റെ യഥാർഥ അവസ്ഥയിൽ നില്ക്കുന്നതുകൊണ്ട് മനോഹരമായ സമൂഹം കെട്ടിപ്പടുക്കുന്നതിന് ഉദാത്തമായ അധ്യാപനമാണ് അതെന്ന് നമ്മൾ വാദിക്കുന്നു. ഈ അധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്യുകയാണെങ്കിൽ അത് നമ്മെ അല്ലാഹുവിന്റെ അടുത്തെത്തിക്കുകയും ആ അടുപ്പംകൊണ്ട് അല്ലാഹുവിന്റെ സമ്പ്രീതി സംപ്രാപ്തമാകണമെന്ന ആഗ്രഹവും അതിനുള്ള പരിശ്രമവും കാരണത്താൽ ഒരു യഥാർഥ മുസ്‌ലിമിന് പരസ്പരം കടമകൾ നിറവേറ്റുന്നതിലേക്ക് അതുല്യമായ മാർഗദർശനം ലഭിക്കുകയും ചെയ്യുന്നു. ഈ കടമകളുടെ നിർവഹണമാണ് സമൂഹത്തിന്റെ ശാന്തി സമാധാനത്തിന് ജാമ്യം നല്കുന്നത്. ഇക്കാലത്ത് ശാന്തി സമാധാനം എങ്ങനെ ഉണ്ടാക്കാമെന്നതിനെ കുറിച്ച് ചർച്ച നടക്കുന്നു.'

■ ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:'കോവിഡ് എന്ന മഹാമാരി മനസ്സുകളിലെ കേടുകൾ അകറ്റിയില്ല. അല്ലാഹുവിന്റെ ഈ മുന്നറിയിപ്പിൽനിന്ന് മനുഷ്യൻ ഒരു പാഠവും കരസ്ഥമാക്കുന്നില്ല. ഇങ്ങനെതന്നെയാണ് പോകുന്നതെങ്കിൽ വളരെ ഭയാനകമായ ഫലങ്ങളായിരിക്കുമുണ്ടാകുക.' അവിടന്ന് പറഞ്ഞു: 'ഇന്നു ഞാൻ ഇസ്‌ലാമിന്റെ സമാധാനാധ്യാപനത്തിന്റെ കുറച്ചു വശങ്ങൾ വിവരിക്കുന്നതായിരിക്കും. അതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ലോകം ശാന്തിയുടേയും സമാധാനത്തിന്റേയും കളിത്തൊട്ടിലായി മാറുന്നതാണ്.'

■ ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:'ലോകം മതത്തിൽനിന്ന് അകന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ, എങ്കിലും ഒരു വിഭാഗമുണ്ട്, അവർ മതം ഉദ്ധരിച്ചുകൊണ്ട് മറ്റു മതങ്ങളെ ആക്ഷേപങ്ങൾക്ക് കുറിമാനമാക്കുന്നു. ഒരു മതം മറ്റൊരു മതത്തിന്റെ സ്ഥാപകനെ തെറ്റായി അവതരിപ്പിച്ച് അവരുടെമേൽ ആക്ഷേപം ഉന്നയിക്കരുതെന്ന് ഇസ്‌ലാം പറയുന്നു. ഇസ്‌ലാമാണ് അവസാന മതമെന്ന് ഇസ്‌ലാം പറയുന്നു. പക്ഷേ, മറ്റുമതങ്ങളെല്ലാം കളവായിരുന്നുവെന്ന് അതു പറയുന്നില്ല. എല്ലാ മതത്തിലും നബി വന്നിട്ടുണ്ടെന്ന് ഇസ്‌ലാം പറയുന്നു. വിശുദ്ധ ഖുർആനിലെ **വ ഇൻമിൻ ഉമ്മത്തിൻ ഇല്ലാ ഖലാ ഫീഹാ നദീർ** എന്ന വചനത്തിന്റെ വെളിച്ചത്തിൽ ഒരു മുസ്‌ലിം ഹദ്റത്ത് ഈസായേയും ഹദ്റത്ത് മൂസായേയും അല്ലെങ്കിൽ ഹിന്ദുക്കളുടെ അവതരങ്ങളേയും ആദരദൃഷ്ടിയോടെ നോക്കുന്നതായിരിക്കും.'

■ ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:'എല്ലാ ജനതയിലും നബി വന്നു. ആരംഭകാലത്ത് എല്ലാ മതങ്ങളുടേയും അടിത്തറ സത്യത്തിലും നേർമാർഗത്തിലുമായിരുന്നു. എന്നാൽ, കാലം കടന്നുപോയ കാരണത്താൽ അവരുടെ അധ്യാപനങ്ങളിൽ മാറ്റം വന്നു. ദൈവത്തിന്റെ കൃപാകടാക്ഷം പൊതുവാണ്. അത് ഒരു ജനതയും അല്ലെങ്കിൽ ഒരു കാലവും നിർഭാഗ്യരാകാതിരിക്കാൻ സകല ജനതകളേയും സകലരാജ്യങ്ങളേയും സകല കാലങ്ങളേയും വലയം ചെയ്തിരിക്കുന്നു. അതുകൊണ്ട് എല്ലാ മതാനുയായികളേയും ആദരിക്കാൻ ഇസ്‌ലാം പറയുന്നു. എല്ലാ മതസ്ഥാപകരേയും ആദരിക്കുക.'

■ 'ഇസ്‌ലാമിനെക്കുറിച്ച്, അത് ഭീകരത ഇഷ്ടപ്പെടുന്നുവെന്ന ഒരു തെറ്റായ ധാരണ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ആരംഭകാലത്ത് ബലാൽക്കാരമായി മുസ്‌ലിം ആക്കപ്പെട്ടുവത്രെ! വാസ്തവത്തിൽ ഇസ്‌ലാം അത് നിഷേധിക്കുകയാണ്. അത് പറയുന്നു:

**വലൗ ശാഅ റബ്ബുക്ക ലആമന മൻ ഫിൽഅർളി കുല്ലുഹും ജമീആ. അഫ അൻത തുക്‌രിഹുന്നാസ ഹത്താ യകൂനൂ മുഅ്മിനീൻ** (10:100)

നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലുള്ള എല്ലാവരും ഒന്നടങ്കം വിശ്വസിച്ചേനെ!(പക്ഷേ, അവൻ നിർബന്ധിക്കുന്നില്ല)എന്നിരിക്കെ ആളുകൾ വിശ്വാസികളായി തീരുന്നതിന് നീ അവരെ നിർബന്ധിക്കുകയോ?'

■ ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: 'പ്രബോധനം ചെയ്യാൻ ഇസ്‌ലാമിൽ കല്പനയുണ്ട്. സന്ദേശമെത്തിക്കുന്നതിനും വഴിപറഞ്ഞുകൊടുക്കുന്നതിനും കല്പനയുണ്ട്. അതിനുശേഷമുള്ള കല്പന ഇതാണ്: **വ ഖുലിൽഹഖ്ഖു മിൻർറബ്ബിക്കും ഫമൻശാഅ ഫൽയുഅ്മിൻ വ്വമൻശാഅ ഫൽയക്ഫുർ**(18:30)

പറയുക, ഇതു നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യമാണ്. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ വിശ്വസിക്കട്ടെ. ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ അവിശ്വസിക്കട്ടെ.

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ   Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 03 February 2022 Issue-5

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

വിശ്വസിക്കാത്ത കാരണത്താൽ ഇസ്‌ലാം ഈ ലോകത്ത് ആരേയും ശിക്ഷിച്ചിട്ടില്ല. ഇന്നും മുസ്‌ലിമീങ്ങളുടെ കർമങ്ങൾ ഈ അധ്യാപനമനുസരിച്ച് ആകുകയാണെങ്കിൽ, ലോകത്തിന്റെ ശ്രദ്ധ ഇസ്‌ലാമിലേക്കു തിരിയുകയും അതുമുഖേന ലോകത്ത് സമാധാനം സ്ഥാപിതമാകുകയും മുസ്‌ലിമീങ്ങളുടെ മാനം സ്ഥാപിതമാകുകയും ചെയ്യുന്നത് ലോകം കാണുന്നതാണ്.'

■ 'ലോകത്ത് സമാധാനം സ്ഥാപിതമാകുന്നതിന് മറ്റൊരു അടിസ്ഥാനകാര്യം പറഞ്ഞിട്ടുള്ളത് ഏതെങ്കിലും തെറ്റോ ശത്രുതയോ ഉണ്ടാകുമ്പോൾ മാപ്പ് കൊടുക്കുകയോ അല്ലെങ്കിൽ ശിക്ഷിക്കുകയോ ചെയ്യുക എന്നതാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: **വ ജസാഉ സയ്യിഅത്തിൻ സയ്യിഅത്തുൻ മിഥ്‌ലുഹാ ഫമൻ അഫാ വ അസ്‌ലഹ ഫഅജ്‌റുഹൂ അലല്ലാഹ് ഇന്നഹൂ ലാ യുഹിബ്ബുള്ളാലിമീൻ**(42:41)

തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ, വല്ലവനും മാപ്പു ചെയ്യുകയും (അതുമുഖേന)നന്മ വരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാണ്. തീർച്ചയായും അവൻ അക്രമികളെ ഇഷ്ടപ്പെടുന്നില്ല.'

■ ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:'സമാധാനം സ്ഥാപിക്കുന്നതിന് നബി(സ)തിരുമേനി നമുക്ക് ഈ സുവർണമായ തത്ത്വമാണ് പറഞ്ഞുതന്നത്. അക്രമിയോടും ആക്രമിക്കപ്പെട്ടവനോടും ഇരുവരോടും ദയ കാണിക്കുക. അക്രമിയെ അക്രമത്തിൽനിന്ന് തടഞ്ഞുകൊണ്ട് അവനോടു ദയ കാണിക്കുക. ഇക്കാര്യത്തിൽ ഇപ്പോൾ ഒരുപാട് കുറവു കാണുന്നുണ്ട്. അതുകൊണ്ട് സന്തുലിതമായ രീതി എല്ലാതലത്തിലുമുള്ള അധികാരികൾ സ്വായത്തമാക്കുമ്പോഴാണ് സമാധാനം സ്ഥാപിതമാകുന്നത്.'

■ 'ഇസ്‌ലാം ശക്തമായി തടയുന്ന ഒരു തിന്മയാണ് ഊഹം. അല്ലാഹു പറയുന്നു:'വിശ്വസിച്ചവരേ!ഊഹങ്ങളിൽ അധികവും നിങ്ങൾ ഒഴിവാക്കുവിൻ! (കാരണം) ചില ഊഹങ്ങൾ കുറ്റകരമാണ്. നിങ്ങൾ (അന്യരുടെ സ്ഥിതികൾ)ചുഴിഞ്ഞുനോക്കരുത്. നിങ്ങളിൽ ചിലർ മറ്റു ചിലരെ അവരുടെ അഭാവത്തിൽ ദുഷിക്കുകയുമരുത്. നിങ്ങളിലാരെങ്കിലും തന്റെ മരിച്ചു കിടക്കുന്ന സഹോദരന്റെ മാംസം ഭക്ഷിക്കാൻ ഇഷ്ടപ്പെടുമോ? അതു നിങ്ങൾ വെറുക്കുന്നുവല്ലോ. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു സർവഥാ കാരുണ്യത്തോടെ മടങ്ങുന്നവനും കരുണാമയനുമാകുന്നു.'(49:13)

■ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'ചില പാപങ്ങൾ എത്രമാത്രം സൂക്ഷ്മമാണെന്നാൽ മനുഷ്യൻ അതിൽ അകപ്പെട്ടുപോകുന്നു. അതു പാപമാണെന്ന് മനസ്സിലാക്കുക തന്നെയില്ല. യുവത്വത്തിൽനിന്ന് വൃദ്ധരായി മാറുന്നു. പക്ഷേ, തങ്ങൾ പാപമാണ് ചെയ്യുന്നതെന്ന് അവർ അറിയുന്നില്ല. ഉദാഹരണത്തിന് പരദൂഷണം പറയുന്ന ശീലം. അത്തരക്കാർ ഇതിനെ വളരെ നിസ്സാരവും ചെറുതുമായ കാര്യമായിട്ടാണ് മനസ്സിലാക്കുന്നത്. വാസ്തവത്തിൽ വിശുദ്ധ ഖുർആൻ അതിനെ അങ്ങേയറ്റം മോശമായിട്ടാണ് പറയുന്നത്.'

■ ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:'**വലാ തഅ്കുലൂ അംവാലക്കും ബയ്നക്കും ബിൽബാത്വിലി** നിങ്ങളുടെ ധനം നിങ്ങൾ അന്യായമായി, പരസ്പരം(അപഹരിച്ച്)ഭക്ഷിക്കരുത്.(2:189)

പറഞ്ഞു: ഇതു ദ്രോഹമാണ്. ഇതുമുഖേന പിന്നീട് വൈരാഗ്യവും കലഹവുമുണ്ടാകുന്നു. സമൂഹത്തിൽ ഭൗതികതയുടെ മത്സരം വളരെയധികമായികഴിഞ്ഞിരിക്കുന്നതു നമ്മൾ കാണുന്നു. ഒരാൾ മറ്റൊരാളുടെ ധനം വഞ്ചിച്ച് തിന്നാൻ ശ്രമിക്കുന്നു. എന്നല്ല അന്താരാഷ്ട്ര തലത്തിലും ഈ അക്രമം നടന്നുവരുന്നു. സമ്പന്ന രാഷ്ട്രങ്ങൾ ദരിദ്രരാഷ്ട്രങ്ങളുടെ സമ്പത്ത് തെറ്റായ രീതിയിൽ വിവിധ തന്ത്രങ്ങളിലൂടേയും ചതികളിലൂടേയും തിന്നുകൊണ്ടിരിക്കുന്നു.'

■ ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:'ചില വ്യാപാരങ്ങൾ അക്രമത്തിനുള്ള മാർഗമായിത്തീരുന്നത് നമ്മൾ കാണുന്നു. ചെറിയ തലത്തിലും, വൻവാണിജ്യങ്ങളുടെ രൂപത്തിലും. അല്ലാഹു പറയുന്നു:വയ്‌ലുല്ലിൽ മുത്വഫ്ഫിഫീൻ. അല്ലദീന ഇദക്‌താലൂ അലന്നാസി യസ്തൗഫൂൻ

അളവിൽ കുറയ്ക്കുന്നവർക്ക് മഹാനാശം. ജനങ്ങളിൽനിന്ന് അളന്നുവാങ്ങുമ്പോൾ അവർ പൂർത്തിയാക്കി വാങ്ങുകയും അവർക്ക് അളന്നുകൊടുക്കുകയോ തൂക്കിക്കൊടുക്കുകയോ ചെയ്യുമ്പോൾ അവർ കുറയ്ക്കുകയും ചെയ്യുന്നു.(83:2- 4)

എല്ലാതരത്തിലുള്ള കൊടുക്കൽ വാങ്ങലിലും മറ്റുള്ളവരുടെ അവകാശം ശ്രദ്ധിക്കണമെന്ന് ഇസ്‌ലാം പറയുന്നു.

■ ഹുദൂർ പറഞ്ഞു:'സമാധാനവും ശാന്തിയും കെടുത്തുന്ന ഒരു വലിയ കാരണം അഹങ്കാരമാണ്. ഇസ്‌ലാം അതിനെ ശക്തമായി തടയുന്നു. അല്ലാഹു പറയുന്നു:

**വലാ തംശി ഫിൽഅർളി മറഹൻ. ഇന്നക്ക ലൻ തഖ്‌രിഖൽഅർള വലൻ തബ്‌ലുഗൽജിബാല ത്വൂലാ.**(17:38)

നീ ഭൂമിയിൽ അഹന്തകാട്ടി നടക്കരുത്; കാരണം നീ ഒരിക്കലും ഭൂമിയെ പിളർക്കുകയില്ല. ഉയരത്തിൽ പർവ്വതങ്ങളോളം എത്തുകയുമില്ല.

അല്ലാഹു പറയുന്നു: 'അഹങ്കരിക്കരുത്. ചുറ്റുവട്ടത്തുള്ള ആളുകളെ നിന്ദിതരും നികൃഷ്ടരുമായി കരുതകയുമരുത്. അഹങ്കരിച്ചുകൊണ്ട് യഥാർഥമായ ഒരു സ്ഥാനവും ലഭിക്കുകയില്ല. വിനയംതന്നെയാണ് യഥാർഥമായ സ്ഥാനം നല്കുന്നത്. ലീഡർ ആക്കുന്നതും. ഇതേ നായകത്വംതന്നെയാണ് ദീർഘകാലം സമാധാനം നിലനിറുത്തുന്നതാകുന്നതായിത്തീരുന്നത്.

■ അല്ലാഹു പറയുന്നു: '**വഅ്ബുദുല്ലാഹ വലാ തുശ്‌രിക്കൂ ബിഹി ശയ്അൻ വബിൽവാലിദയ്‌നി ഇഹ്സാനൻ വ ബിദിൽഖുർബാ വൽയത്താമാ വൽമസാക്കീനി വൽജാരിദിൽ ഖുർബാ വൽജാരിൽജുനുബി വസ്സ്വാഹിബി ബിൽജൻബി വബ്നിസ്സബീലി വമാ മലക്കത്ത് ഐമാനുക്കും ഇന്നല്ലാഹ ലാ യുഹിബ്ബു മൻ കാന മുഖ്ത്താലൻ ഫഖൂറാ** (4:37)

നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. മറ്റൊന്നിനേയും അവന്റെ കൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക;അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്ത ബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും (നന്മ ചെയ്യുക). അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല. ഹുദൂർ പറഞ്ഞു: 'മനുഷ്യൻ ഇതനുസരിച്ച് ജീവിക്കുകയാണെങ്കിൽ സമാധാനം നശിപ്പിക്കുന്ന എല്ലാ കാര്യഹേതുക്കളുടേയും അന്ത്യം കുറിക്കുന്നതായിരിക്കും. സമൂഹത്തിലെ എല്ലാവരും ആരുമായി ബന്ധപ്പെട്ടാലും ഇതിൽ വരുന്നതാണ്.'

■ ദേഷ്യത്തെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു: 'ദേഷ്യം കൊണ്ട് വഴക്കുണ്ടാകുന്നു. ബുദ്ധിയും ആവേശവും തമ്മിൽ ഭയാനകമായ ശത്രുതയുണ്ട്. ആരാണോ കോപാകുലനാകുന്നത് അവന്റെ നാവിൽനിന്ന് യുക്തിപൂർവവും ദൈവജ്ഞാനപരവുമായ കാര്യങ്ങൾ പുറപ്പെടുകയില്ല. സൂറത്തുന്നഹ്‌ലിലെ 91-ാമത്തെ വചനത്തിന്റെ വെളിച്ചത്തിൽ ഹുദൂർ പറഞ്ഞു:'ഒന്നാമത്തെ സ്ഥാനം നീതിയുടേതാണ്. പരസ്പരം നീതിയോടുകൂടി പെരുമാറുക. രണ്ടാമത്തെ സ്ഥാനം ഇഹ്സാനിന്റേതാണ്. ഇതിൽ മാപ്പ്, വിട്ടുവീഴ്ച, ദരിദ്രരെ സഹായിക്കൽ, ദാനധർമങ്ങളെല്ലാം വരുന്നു. ഇതിനെക്കാളൊക്കെ ഉയർന്ന ഒരു സ്ഥാനമുണ്ട്. അത് ഈത്താഇദിൽ ഖുർബയാണ്. ഇവിടെ ബന്ധുക്കളോടെന്നപോലെ അന്യരോടും പെരുമാറലാണ്. അവിടെ സ്വാർഥപരമായ ഉദ്ദേശ്യമൊന്നുമുണ്ടാകുകയില്ല. ഒരു മാതാവ് തന്റെ മക്കളോടു പെരുമാറുന്നതുപോലെയായിരിക്കും എല്ലാവരോടു പെരുമാറുന്നത്.'

■ അല്ലാഹു നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷം ഇസ്‌ലാമിന്റെ യഥാർഥമായ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ലോകത്തിനു മാതൃകയാകാൻ തൗഫീഖ് നല്കുമാറാകട്ടെ. സമാധാനത്തെ കുറിച്ച് ഞാൻ ചിലകാര്യങ്ങൾ പറയുകയുണ്ടായി. അത് നമ്മൾ യഥാർഥമായ നിലയിൽ നടപ്പിൽവരുത്തുന്നവരാകട്ടെ. ലോകത്തോടു അതു പറയുക. ലോകം അതിന്റെ സ്വാർഥപരമായ നേട്ടങ്ങളുടെ ലഭ്യതയ്ക്കായി നാശത്തിന്റെ ഗർത്തത്തിലേക്ക് പോകുകയാണ്. അല്ലാഹുവിന്റെ കല്പനകളിലൂടെ നടന്നുകൊണ്ടുമാത്രമെ യഥാർഥമായ സമാധാനം സ്ഥാപിക്കാൻ സാധിക്കുകയുള്ളു.ഭൗതികമായ ഒരു വ്യവസ്ഥിതിയും സമാധാനസ്ഥാപനത്തിന് സഹായകമാകുകയില്ല. അതിനാൽ എല്ലാ അഹ്‌മദികളുടേയും വളരെ വലിയ ഉത്തരവാദിത്വമാണിത്. അല്ലാഹു അതനുസരിച്ച് പ്രവർത്തിക്കാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ജൽസയിൽ പങ്കെടുത്തവർ ജൽസയുടെ അനുഗ്രഹങ്ങളും ഒപ്പം കൊണ്ടുപോകുന്നവരാകട്ടെ. ലോകത്തെവിടെയാണെങ്കിലും ഈ ജൽസയുടെ പരിപാടി കേട്ടിട്ടുള്ളവർ ഒരു ആവേശവും വികാരവും തങ്ങളുടെ ഉള്ളിൽ ഉണ്ടാക്കുന്നവരാകട്ടെ. തങ്ങളുടെ പ്രദേശങ്ങളിൽ ഇസ്‌ലാമിന്റെ പരിശുദ്ധമായ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഒരു വിപ്ലവമുണ്ടാക്കുന്നവരാകട്ടെ. പങ്കെടുത്ത എല്ലാവരേയും അല്ലാഹു സുഖകരമായി അവരവരുടെ വീടുകളിലെത്തിക്കുമാറാകട്ടെ. ഖാദിയാനിൽ വന്നിട്ടുളവരേയും ഗിനി- ബിസോ(ഏൗശിലമ ആശമൈൗ) യിലുള്ളവരേയും എല്ലാവരേയും അല്ലാഹു അവന്റെ സംരക്ഷണയിൽ വെക്കുമാഠകട്ടെ.'

■ 'ഇനി നമ്മൾ ദുആ ചെയ്യുന്നതായിരിക്കും. പ്രത്യേകമായും ഈ ദുആകൾ ചെയ്യുക. അല്ലാഹു ജമാഅത്തിനെ എല്ലാ ശർറുകളിൽനിന്നും കാത്തുരക്ഷിക്കുമാറാകട്ടെ. മസീഹ് മൗഊദ്(അ)നമ്മളിൽനിന്ന് പ്രതിക്ഷിക്കുന്ന ബയ്ത്തിനോടുള്ള യഥാർഥ കടമ നിറവേറ്റാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.' ഇനി ദുയാ ചെയ്യുക

■ ഹുദൂർ ഇന്ത്യൻ സമയം വൈകുന്നേരം 5.25 ദുആ ചെയ്യിച്ചു. ഇസ്‌ലാമാബാദിനും ഖാദിയാനും പുറമെ ലോകത്തിന്റെ എല്ലാ ഭാഗത്തും താമസിക്കുന്ന അഹ്‌മദി മുസ്‌ലിമീങ്ങൾ എം.ടി.എ മുഖേന തങ്ങളുടെ പ്രിയങ്കരനായ ഇമാമിനോടൊപ്പം ദുആയിൽ പങ്കെടുത്തു.

ദുആയ്ക്കു ശേഷം ഹുദൂർ പറഞ്ഞു:'ഈ നേരത്ത് അവിടെ ജൽസാഗാഹിൽ ഇരിക്കുന്നവരുടെ ഹാജർ നില 2118 ആകുന്നു. 8 രാജ്യങ്ങളിൽനിന്ന് പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. ഇതിനുപുറമെയും ആളുകൾ വിവിധ സ്ഥലങ്ങളിൽ ഇരുന്ന ജൽസ കേൾക്കുന്നുണ്ട്. അവരുടെ എണ്ണം വളരെ കൂടുതലാണ്. ഖാദിയാനിൽ ജൽസ കേൾക്കുന്നവരുടെ മൊത്തമെണ്ണം ആറായിരത്തിലധികമായിരിക്കും.

അതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് സംഘമായി പദ്യങ്ങൾ ചൊല്ലാൻ അനുമതി നല്കി. പുരുഷന്മാരുടെ ജൽസാഗാഹിൽ 8 സംഘവും സ്ത്രീകളുടെ ജൽസാഗാഹിൽ രണ്ടു സംഘവും ഉർദു, അറബി, കശ്മീരി ഭാഷകളിൽ പദ്യങ്ങൾ അവതരിപ്പിച്ചു.

സമൂഹ പദ്യാലാപനത്തിനുശേഷം 5.52ന് ഹുദൂർ അൻവർ ലോകത്തിന്റെ വിവിധ സ്ഥലങ്ങളിലിരുന്ന് ജൽസയിയിൽ പങ്കേടുത്ത എല്ലാവർക്കും അസ്സലാമു അലയ്ക്കും വ റഹ്‌മത്തുല്ലാഹി വ ബറക്കാത്തുഹൂ പറഞ്ഞു. പിന്നീട് ഹുദൂർ ജൽസാഗാഹിൽനിന്ന് യാത്രയായി.

അല്ലാഹു നമുക്കെല്ലാവർക്കും ഹുദൂറിന്റെ വിലപിടിച്ച ഉപദേശങ്ങളും നിർദേശങ്ങളുമനുസരിച്ച് കർമങ്ങൾ ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ(തുടരും)

ബദർ
The Weekly BADR Qadian
(Malayalam)
https://www.akhbarbadrqadian.in/

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin